# ജലനിധി

KRWSA

കേരളാ ഗ്രാമീണ കുടിവെള്ള വിതരണ ശുചിത്വ ഏജൻസി

ഡിസംബർ 2021 ■ പുസ്തകം 1 ■ ലക്കം 1 ● വാർത്താപത്രിക


## ജലജീവൻ മിഷൻ വഴി 53.19 ലക്ഷം കുടിവെള്ള കണക്ഷൻ : മുഖ്യമന്ത്രി





കേരളാ സർക്കാർ
ജലവിഭവ വകുപ്പ്

ജലനിധി KRWSA
കേരളാ ഗ്രാമീണ കുടിവെള്ള വിതരണ ശുചിത്വ ഏജൻസി


## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
**എം പ്രേംലാൽ**
ഡയറക്ടർ HRD

എഡിറ്റർ
**ജിജോ ജോസഫ്**
ഡെപ്യൂട്ടി ഡയറക്ടർ HR & IEC

എഡിറ്റോറിയൽ ബോർഡ് മെമ്പേഴ്സ്
**ജോർജ്ജ് മാത്യു**
മാനേജർ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് കണ്ണൂർ
**ഷഹീർ എം പി**
മാനേജർ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് മലപ്പുറം
**ജോസ് ജെയിംസ്**
മാനേജർ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് ഇടുക്കി
**യോഹന്നാൻ എ**
ട്രൈബൽ ഡെവലപ്പ്മെന്റ് സ്പെഷ്യലിസ്റ്റ് കണ്ണൂർ
**ക്രിസ്റ്റീൻ ജോസഫ്**
ട്രൈബൽ ഡെവലപ്പ്മെന്റ് സ്പെഷ്യലിസ്റ്റ് ഇടുക്കി

ജലജീവൻ
മിഷൻ വഴി
53.19 ലക്ഷം
കുടിവെള്ള
കണക്ഷൻ:
മുഖ്യമന്ത്രി

06



സാമൂഹ്യ കുടി
വെള്ള
പദ്ധതികളും
മഴവെള്ള
സംഭരണവും
വ്യാപിപ്പിക്കും
ജല വിഭവ വകുപ്പ്
മന്ത്രി

09




ബൾക്ക് വാട്ടർ
കുടിവെള്ള വിത
രണവുമായി
ഇരിക്കൂർ
ഗ്രാമപഞ്ചായത്ത്

11



കുടിവെള്ള പദ്ധതികളുടെ
തുടർ നടത്തിപ്പും
പരിപാലനവും ലളിത
മാക്കാൻ സ്റ്റാർട്ട് അപ്പ്
യൂണിറ്റ് “വർക്ക്മേറ്റ്”

15



## ഉള്ളടക്കം


മുഖമൊഴി എല്ലാ വീടുകളിലും കുടിവെള്ളം.................... 05
ജൽ ജീവൻ മിഷൻ വഴി 53.19 ലക്ഷം കുടിവെള്ള കണക്ഷൻ.................... 07
സാമൂഹിക കുടിവെള്ള പദ്ധതികളും മഴവെള്ള സംഭരണവും വ്യാപിപ്പിക്കും.................... 09
ബൾക്ക് വാട്ടർ കുടിവെള്ള വിതരണവുമായി ഇരിക്കൂർ ഗ്രാമപഞ്ചായത്ത്.................... 11
കുടിവെള്ള വിതരണ പദ്ധതികളുടെ തുടർ നടത്തിപ്പും പരിപാലനവും ലളിതമാക്കാൻ സ്റ്റാർട്ട് അപ്പ് യൂണിറ്റ് “വർക്ക്മേറ്റ്”.................... 15
കുടിവെള്ള പദ്ധതികളുടെ തുടർ നടത്തിപ്പിന് നൂൽപ്പുഴ മാതൃക .................... 19
ആമ്പൽ ശുദ്ധജല വിതരണ പദ്ധതി മികവിന്റെ മാതൃക .................... 23
തെന്നല പെരുമണ്ണക്ലാരി മൾട്ടി ഗ്രാമപഞ്ചായത്ത് ജലനിധി പദ്ധതികൾ സ്മാർട്ടായി .................... 27
ജൽ ജീവൻ പദ്ധതിയുടെ അടിത്തറ ഉറപ്പിക്കാൻ നിർവ്വഹണ സഹായ ഏജൻസികൾ.................... 31
മഴവെള്ളം കുടിവെള്ളം.................... 33
കുറുവ പദ്ധതി ജനഹൃദയങ്ങൾ കീഴടക്കി.................... 35
താന്നിയടി പദ്ധതിയിൽ ജലവിതരണം പുനഃസ്ഥാപിച്ചു.................... 37
ജലം ജീവജലം.................... 39




▪ കോട്ടയം ജില്ലയിലെ ഭരണങ്ങാനം ഗ്രാമപഞ്ചായത്തിലെ ജലജീവൻ മിഷൻ ശില്പശാല പ്രസിഡന്റ് ലൈസമ്മ സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യുന്നു



▪ കോടാമ്പള്ളൂർ ഗ്രാമപഞ്ചായത്തിലെ ജലജീവൻ മിഷൻ ശില്പശാല പ്രസിഡന്റ് പി ദാമോദരന്റെ അധ്യക്ഷതയിൽ നടത്തപ്പെട്ടു



▪ ഇടുക്കി ജില്ലയിലെ കോടിക്കുളം ഗ്രാമപഞ്ചായത്തിലെ ജലജീവൻ മിഷൻ പദ്ധതി ആലോചനായോഗം പ്രസിഡന്റ് സുരേഷ് ബാബുവിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.



▪ കൊഴുവനാൽ ഗ്രാമപഞ്ചായത്തിലെ ജലജീവൻ മിഷൻ ശില്പശാല പ്രസിഡന്റ് നിമ്മി ടിങ്കിൾ രാജ് ഉദ്ഘാടനം ചെയ്യുന്നു.



▪ മോറയൂർ ഗ്രാമപഞ്ചായത്തിലെ ജലജീവൻ മിഷൻ പദ്ധതിയുടെ നിർവ്വഹണ സഹായ ഏജൻസിയുടെ ഓഫീസ് പഞ്ചായത്ത് വൈസ് പ്രസിഡന്റ് അബ്ദുൾ ജലീൽ ഉദ്ഘാടനം ചെയ്യുന്നു



▪ തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിലെ ജലജീവൻ മിഷൻ ശില്പശാല പഞ്ചായത്ത് പ്രസിഡന്റ് പി പി രവീന്ദ്രന്റെ അധ്യക്ഷതയിൽ നടത്തപ്പെട്ടു



**എസ്.വെങ്കിടേശപതി ഐ.എ.എസ്**
എക്സിക്യൂട്ടീവ് ഡയറക്ടർ

# എല്ലാ വീടുകളിലും കുടിവെള്ളം

പ്രവർത്തനക്ഷമമായ കുടിവെള്ള കണക്ഷൻ എല്ലാവർക്കും ലഭ്യമാക്കുന്നത് സർക്കാരിന്റെ പ്രധാനപ്പെട്ട ചുമതലകളിലൊന്നാണ്. 2020 മാർച്ച് വരെ കേരളത്തിലെ 24.75% ഗ്രാമീണ ഭവനങ്ങളിൽ മാത്രമാണ് കുടിവെള്ള കണക്ഷനുകൾ ഉണ്ടായിരുന്നത്. 2024 സ്വാതന്ത്ര്യ ദിനത്തിന് മുൻപായി സംസ്ഥാനത്തെ മുഴുവൻ ഗ്രാമീണ ഭവനങ്ങളിലും ജലജീവൻ മിഷൻ പദ്ധതിയിലൂടെ പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ സംസ്ഥാന സർക്കാർ നടത്തി വരികയാണ്. നിലവിലുള്ള സ്കീമുകളിൽ ജല ലഭ്യത കൂടുതൽ ഉള്ളവയിൽ നിന്ന് അധിക കണക്ഷനുകൾ നൽകിയും പുതിയ സ്കീമുകൾ നിർമ്മിച്ച് പുതിയ കണക്ഷനുകൾ നൽകിയും 100% വീട്ടുകളിലും കുടിവെള്ള കണക്ഷനുള്ള സംസ്ഥാനമായി മാറാനാണ് കേരളം ലക്ഷ്യമിട്ടുന്നത്. കേരള ജല അതോറിറ്റിയും, കെ.ആർ.ഡബ്ല്യു.എസ്.എയും ഒത്തുചേർന്നാണ് സംസ്ഥാനത്ത് ജൽ ജീവൻ മിഷൻ പദ്ധതി നിർവ്വഹണം നടത്തുന്നത്. നിർവ്വഹണ സഹായ ഏജൻസി (ഐ.എസ്.എ)കളുടെ നേതൃത്വത്തിൽ ആണ് ഗ്രാമപഞ്ചായത്തുകളെ ജൽ ജീവൻ മിഷൻ പദ്ധതിക്കായി ഒരുക്കുന്നത്. കേരളത്തിലെ മുഴുവൻ ഗ്രാമീണ ഭവനങ്ങൾക്കും കുടിവെള്ള കണക്ഷൻ നൽകാനുള്ള ജലവിഭവ വകുപ്പിന്റെ ശ്രമങ്ങൾ പ്രാദേശിക സർക്കാരുകളുടെ പിന്തുണയോടെ മാത്രമേ വിജയിപ്പിക്കാനാകൂ. ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ധാരാളം കുടിവെള്ള വിതരണ സ്കീമുകൾ ഉള്ള നാടാണ് നമ്മുടെ സംസ്ഥാനം. മാതൃകാപരമായി പ്രവർത്തിക്കുന്ന സാമൂഹ്യഅധിഷ്ഠിത കുടിവെള്ള വിതരണ സ്കീമുകളെ പരിചയപ്പെടുത്തുന്നതിന് KRWSA വാർത്താ പത്രിക സഹായിക്കുമെന്ന് കരുതുന്നു.




# ജലജീവൻ മിഷൻ വഴി 53.19 ലക്ഷം കുടിവെള്ള കണക്ഷൻ: മുഖ്യമന്ത്രി

ജലജീവൻ മിഷൻ വഴി സംസ്ഥാനത്തെ ഗ്രാമീണ വീട്ടുകളിൽ അഞ്ചുവർഷം കൊണ്ട് 53.19 ലക്ഷം കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കഴിഞ്ഞ വർഷം ലഭ്യമാക്കിയതിന്റെ രണ്ടിരട്ടി കണക്ഷനുകൾ ഈ വർഷം കൊടുത്തുതീർക്കുകയാണ് ലക്ഷ്യമെന്നും മുഖ്യമന്ത്രി പറഞ്ഞു. ജലജീവൻ മിഷൻ പദ്ധതി സംസ്ഥാനതല ശില്പശാലയും നിർവഹണസഹായ ഏജൻസികളുടെ പ്രവർത്തനോദ്ഘാടനവും നിർവഹിക്കുകയായിരുന്ന മുഖ്യമന്ത്രി.

ജലജീവൻ മിഷൻ പദ്ധതി വഴി കുടിവെള്ള കണക്ഷനുകൾ കൊടുക്കാൻ പഞ്ചായത്തുകളാണ് മുൻകയ്യെടുക്കേണ്ടത്. ജലജീവൻ മിഷൻ പദ്ധതിയിൽ കൂടുതൽ പ്രാധാന്യം പഞ്ചായത്തുകൾക്കാണ്. എല്ലാവർക്കും ശുദ്ധമായ കുടിവെള്ളമെന്നത് സർക്കാരിന്റെ ഉത്തരവാദിത്തമാണ്. കേന്ദ്ര സർക്കാർ ഒരു വ്യക്തിക്ക് ദിനംപ്രതി 55 ലിറ്റർ ജലം ലഭ്യമാക്കാനാണ് നിഷ്കർഷിച്ചിട്ടുള്ളതെങ്കിലും കേരളത്തിൽ ഒരു വ്യക്തിക്ക് പ്രതിദിനം 100 ലിറ്റർ നൽകാനാണ് തീരുമാനമെന്നും മുഖ്യമന്ത്രി അറിയിച്ചു. ഇതിനായി ജലവിതരണ ശൃംഖലകൾ പരിഷ്കരിക്കേണ്ടതുണ്ട്. അതിനായുള്ള ശ്രമമാണ് ജലജീവൻ മിഷനിലൂടെ നടത്തുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

എല്ലാ തദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും വീടുകളുടെ എണ്ണവും ജലസ്രോതസ്സുകളും ജലലഭ്യതയും പരിശോധിച്ച് കുടിവെള്ള വിതരണത്തിന് മാസ്റ്റർ പ്ലാൻ തയാറാക്കണമെന്നും മുഖ്യമന്ത്രി നിർദേശിച്ചു. കുടിവെള്ള വിതരണത്തിന് ആവശ്യമായ ജല സ്രോതസ്സില്ലാത്ത പഞ്ചായത്തുകളിലേക്ക്, ജലലഭ്യത കൂടുതലുള്ള




പഞ്ചായത്തുകളിൽ നിന്നു കുടിവെള്ളമെത്തിക്കാൻ മാസ്റ്റർ പ്ലാൻ സഹായിക്കും. ജലക്ഷാമം കൂടുതലുള്ള പ്രദേശങ്ങൾക്കു മുൻഗണന നൽകി പദ്ധതികൾ ആസൂത്രണം ചെയ്യണമെന്നും അദ്ദേഹം നിർദേശിച്ചു.

സമ്പൂർണ സാക്ഷരതയെന്നത് കേരളത്തിന് അഭിമാനമുദ്രയായതു പോലെ സമ്പൂർണ കുടിവെള്ള ലഭ്യത നേടിയെടുക്കാനാണ് അടുത്ത പരിശ്രമം നടത്തേണ്ടതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ജലവിഭവ വകുപ്പു മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു. ജലജീവൻ മിഷന്റെ ഫണ്ടുകൾ ഉപയോഗപ്പെടുത്തി ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കാനുള്ള സമയമാണിത്.

ശുദ്ധമായ കുടിവെള്ളം സർക്കാരിന്റെ ഉത്തരവാദിത്തമാണെന്നും ജലജീവൻ മിഷൻ പദ്ധതിയുടെ ഉടമസ്ഥാവകാശം പഞ്ചായത്തുകളുടേതാണെന്നും മന്ത്രി വ്യക്തമാക്കി. ജല അതോറിറ്റിയും ഭൂജല വകുപ്പും ജലനിധിയുമൊക്കെ നിർവഹണ ഏജൻസികൾ മാത്രമാണ്. പഞ്ചായത്തുകൾക്കാണ് നിർണയ അധികാരം. പഞ്ചായത്തുകളുടെ തെറ്റിദ്ധാരണകളും സംശയങ്ങളും പരിഹരിക്കുന്നതിന് തദ്ദേശ സ്വയം ഭരണ വകുപ്പും ജലവിഭവ വകുപ്പും കൂട്ടായി പ്രവർത്തിക്കണമെന്നും മന്ത്രി നിർദ്ദേശിച്ചു. മൈക്രോ പദ്ധതികൾ വഴി വലിയ കുടിവെള്ള ആവശ്യങ്ങൾ നിറവേറ്റാനാവില്ല. അതിനാൽ ശുദ്ധജലത്തിനായി വൻകിട പദ്ധതികൾ വേണമെന്നും ജലവിഭവ വകുപ്പു മന്ത്രി പറഞ്ഞു.

ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു, ജലജീവൻ മിഷൻ ഡയറക്ടർ എസ്. വെങ്കടേശപതി ഐഎഎസ് , ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് വിജു മോഹൻ,കെ ആർ ഡബ്ല്യൂഎസ് എയുടെ ഡയറക്ടർമാരായ എസ് ഹാരിസ് , എം. പ്രേംലാൽ , ഡെപ്യൂട്ടി ഡയറക്ടർ പി.വി. ലാലിച്ചൻ, കുടുംബശ്രീ പ്രോഗ്രാം മാനേജർ എസ്. സുചിത്ര, ഐ എസ് എ പ്ലാറ്റ്ഫോം ഭാരവഹികളായ ടി. കെ. തുളസീധരൻ പിള്ള , റഷീദ് പറമ്പൻ, സജി സെബാസ്റ്റ്യൻ, ഡാന്റീസ് കൂനാനിക്കൽ, പി പി തോമസ്, കെ വി ഷാജി, ആന്റണി കുന്നത്ത്, എൽ പങ്കജാക്ഷൻ എന്നിവർ സംസാരിച്ചു.













## ജലജീവൻ മിഷൻ
## സംസ്ഥാനതല ശില്പശാല



# സാമൂഹ്യ കുടിവെള്ള പദ്ധതികളും മഴവെള്ള സംഭരണവും വ്യാപിപ്പിക്കും



**ശ്രീ. റോഷി അഗസ്റ്റിൻ**
ബഹു. ജല വിഭവ വകുപ്പ് മന്ത്രി

> **കേരളത്തെ ശുദ്ധ ജലസമൃദ്ധമാക്കാനുള്ള സർക്കാരിന്റെ പ്രവർത്തനങ്ങളിൽ കെ ആർ ഡബ്ല്യു എസ് എയുടെ ചുമതല വളരെ പ്രധാനപ്പെട്ടതാണ്.**

ശുദ്ധജല ക്ഷാമം പരിഹരിക്കാൻ ജനങ്ങൾ ഒത്തു കൂടി കുടിവെള്ള പദ്ധതി ആസൂത്രണം ചെയ്ത്ു നടപ്പിലാക്കുകയും കുടിവെള്ള വിതരണവും യൂസർ ചാർജ് ശേഖരണവും പദ്ധതിയുടെ പരിപാലനവും ഗുണഭോക്താക്കൾ തന്നെ നടത്തുകയും ചെയ്യുന്ന വികസന മാതൃക ലോകത്തിന്റെ മുൻപിൽ അവതരിപ്പിക്കുകയും ചെയ്തവരാണ് നമ്മൾ മലയാളികൾ.

പഞ്ചായത്തുകളുടെ നേതൃത്വത്തിൽ ആരംഭിച്ച സാമൂഹ്യ കുടിവെള്ള പദ്ധതി മാതൃക സംസ്ഥാന സർക്കാർ ഏറ്റെടുക്കുകയും സംസ്ഥാന സർക്കാരിന്റെയും

പഞ്ചായത്തിന്റെയും ഗുണഭോക്തക്കളുടെ യും വിഹിതം പദ്ധതി നിർമ്മാണത്തിൽ ഉറപ്പാക്കിയും തുടർനടത്തിപ്പിൽ ജനപങ്കാളിത്തമുള്ള പദ്ധതി ആക്കി ജലനിധി എന്ന പേരിൽ വ്യാപിപ്പിക്കുകയും ചെയ്തു. കേരളത്തിലെ സാമൂഹ്യ കുടിവെള്ള വിതരണ പദ്ധതി മാതൃക കണ്ടുപഠിക്കാൻ ഇന്ത്യയിലെ മിക്കവാറും സംസ്ഥാനങ്ങളുടെ പ്രതിനിധികൾ സംസ്ഥാനം സന്ദർശിക്കുകയും ഗുണഭോക്ത സമിതി ഭാരവാഹികളോടും പഞ്ചായത്ത് ഭരണസമിതികളോടും സംവേദിക്കുകയും ചെയ്യുന്നു.

രാജ്യത്തെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും കുടിവെള്ളം എത്തിക്കാൻ ഭാരത സർക്കാർ കേരളത്തിന്റെ സാമൂഹ്യ കുടിവെള്ള വിതരണ പദ്ധതി മാതൃകയായി സ്വീകരിക്കുകയും കുടിവെള്ള വിതരണം ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ആക്കുകയും ചെയ്യിരിക്കുകയാണ്.

ജനകീയ ആസൂത്രണത്തിന്റെ രജത ജൂബിലി ആഘോഷിക്കുന്ന അവസരത്തിൽ സാമൂഹ്യ കുടിവെള്ള പദ്ധതികളുടെ നവീകരണത്തിനായും മഴവെള്ള സംഭരണികൾ വ്യാപിപ്പിക്കുന്നതിനായും ജലവിഭവ വകുപ്പ് വിപുലമായ പദ്ധതികൾ രൂപികരിക്കുകയാണ്. ഗ്രാമപഞ്ചായത്തുകളുടെയും കേന്ദ്ര സംസ്ഥാന വികസന ഏജൻസികളുടെയും ഫണ്ടുകൾ ഉപയോഗിച്ച് നിർമ്മിച്ച സാമൂഹ്യ കുടിവെള്ള സ്കീമുകളുടെ നവീകരണത്തിനായി രൂപികരിച്ച സുസ്ഥിരതാ സഹായ പദ്ധതിയുള്ള ഫണ്ട് സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലേയ്ക്കും വ്യാപിപ്പിക്കുന്ന തരത്തിൽ വർദ്ധിപ്പിക്കുകയാണ്.

ശരാശരി 3000 മില്ലീ മീറ്റർ മഴ ലഭിക്കുന്ന കേരളത്തിൽ വേനൽക്കാലത്ത് നേരിടുന്ന കുടിവെള്ള ക്ഷാമം അകറ്റാൻ മഴവെള്ള സംഭരണം വളരെ സഹായകരമാണ്. കെആർഡബ്ല്യുഎസ്എയുടെ മഴകേന്ദ്രം വഴി മഴവെള്ള സംഭരണം പ്രോത്സാഹിപ്പിക്കുന്നതിനും സംഭരണികൾ നിർമ്മിക്കുന്നതിനുമുള്ള സാങ്കേതിക-സാമ്പത്തിക സഹായം നൽകുന്നത് വർദ്ധിപ്പിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചു വരികയാണ്.

**കെആർഡബ്ല്യുഎസ്എയുടെ മഴകേന്ദ്രം വഴി മഴവെള്ള സംഭരണം പ്രോത്സാഹിപ്പിക്കുന്നതിനും സംഭരണികൾ നിർമ്മിക്കുന്നതിനുമുള്ള സാങ്കേതിക-സാമ്പത്തിക സഹായം നൽകുന്നത് വർദ്ധിപ്പിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചു വരികയാണ്.**

എല്ലാ വീടുകളിലും കുടിവെള്ള കണക്ഷനുകൾ നല്കുന്നതിനുള്ള ജൽ ജീവൻ മിഷൻ പദ്ധതിയുടെ പ്രചാരണത്തിന് പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്നതിന് തിരഞ്ഞെടുക്കപ്പെട്ട നിർവഹണ സഹായ ഏജൻസികളുടെ(എൻ. ജി. ഒ) മാനേജ്മെന്റും വിവര വിദ്യാഭ്യാസ ആശയവിനിമയവും കെആർഡബ്ല്യുഎസ്എയുടെ നേതൃത്വത്തിൽ ആണ് നടത്തുന്നത്. കേരളത്തെ ശുദ്ധ ജലസമൃദ്ധമാക്കാനുള്ള സർക്കാരിന്റെ പ്രവർത്തനങ്ങളിൽ കെ ആർ ഡബ്ല്യു എസ് എയുടെ ചുമതല വളരെ പ്രധാനപ്പെട്ടതാണ്.




നസിയത്ത് ടി.സി.
പ്രസിഡന്റ്, ഇരിക്കൂർ ഗ്രാമപഞ്ചായത്ത്

# ബൽക്ക് വാട്ടർ കുടിവെള്ള വിതരണവുമായി ഇരിക്കൂർ ഗ്രാമപഞ്ചായത്ത്

> **കുടിവെള്ള വിതരണം ഏറ്റെടുക്കാൻ ഗ്രാമ പഞ്ചായത്തുകൾ മടി കാണിക്കുമ്പോൾ അനുകരണീയ മാതൃ കയുമായി ഇരിക്കൂർ.**

11.38 ചതുരശ്ര കിലോ മീറ്റർ വിസ്തൃതി യുള്ള ഇരിക്കൂർ ഗ്രാമ പഞ്ചായത്ത് കണ്ണൂർ ജില്ലയിലെ ഏറ്റ വും ചെറിയ ഗ്രാമപഞ്ചായത്തുകളിലൊന്നാ ണ്. 3012 വീടുകളാണ് ഇരിക്കൂർ ഗ്രാമപ ഞ്ചായത്തിലുള്ളത്. തെക്കുപടിഞ്ഞാറായി വളപട്ടണം പുഴ ഒഴുകുന്നുണ്ടെങ്കിലും ചെങ്കൽ പ്രദേശമായതിനാൽ ഇരിക്കൂർ ഗ്രാമപഞ്ചായത്തിൽ വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവ പ്പെട്ടിരുന്നു. ജലനിധി രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയാണ് കേരള സർക്കാർ ഇരിക്കൂർ ഗ്രാമപഞ്ചായത്തിൽ കുടിവെ ള്ള വിതരണ പദ്ധതി നടപ്പിലാക്കിയത്. ഗ്രാമപഞ്ചായത്തിന്റെ 13 വാർഡുകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന 26 പേർ അടങ്ങുന്ന ജനറൽ ബോഡിയും 7 അംഗ

ങ്ങൾ അടങ്ങുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയും കൂടിയാണ് ഇരിക്കൂർ കുടിവെള്ള വിതരണ പദ്ധതിയുടെ തുടർ നടത്തിപ്പും പരിപാലനവും നടത്തുന്നത്.

## പദ്ധതിയുടെ സവിശേഷതകൾ

- 24 x 7 ജലവിതരണം
- ശുദ്ധീകരിച്ച ജലം വിതരണം ചെയ്യുന്നു.
- ഉപഭോഗമനുസരിച്ച് വെള്ളക്കരം.
- വെള്ളക്കരം കുടിശ്ശിക വരുത്തുന്നവരുടെ എണ്ണം കുറവ്.
- നിയതമായതും എഴുതപ്പെട്ടതുമായ തുടർ നടത്തിപ്പ് നിയമാവലിയുടെ പിൻബലം.
- കാര്യക്ഷമമായ പരാതി പരിഹാര സംവിധാനം.
- ഗാർഹിക കണക്ഷനുകളിലൂടെ മാത്രം ജല വിതരണം.
- കേരള വാട്ടർ അതോറിറ്റിക്ക് കൃത്യമായി ബൾക്ക് വാട്ടർ ചാർജ്ജ് കൊടുക്കുന്നു.
- ഗ്രാമപഞ്ചായത്തിന്റെ മേൽനോട്ടം.
- കാര്യക്ഷമമായ സാമ്പത്തിക മാനേജ്മെന്റ്.

2016 ജനുവരിയിൽ ജല വിതരണം ആരംഭിക്കുമ്പോൾ 1677 വീടുകൾ ആണ് 129 കിലോമീറ്റർ ദൈർഘ്യമുള്ള വിതരണ ശൃംഖലയുള്ള ഇരിക്കൂർ കുടിവെള്ള പദ്ധതിയിൽ ഉണ്ടായിരുന്നത് ജല വിതരണം കാര്യക്ഷമമാണെന്ന് മനസ്സിലാക്കിയതോടെ വീടുകളുടെ എണ്ണം 2020 ആയി വർദ്ധിച്ചു. കേന്ദ്ര - സംസ്ഥാന സർക്കാരുകൾ ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന ജൽ ജീവൻ മിഷൻ പദ്ധതി 2020ൽ നടപ്പിലാക്കിയതോടെ വീടുകളുടെ എണ്ണം 2720 ആയി. 200 കുടിവെള്ള കണക്ഷനുകൾ കൂടി നൽകുന്നതിനുള്ള നടപടികൾ പൂർത്തിയാകുന്നതോടെ ഇരിക്കൂർ ഗ്രാമപഞ്ചായത്തിലെ ജലക്ഷാമം ഉള്ള മുഴുവൻ വീടുകളിലും കുടിവെള്ള കണക്ഷൻ പദ്ധതിയിൽ നിന്ന് നൽകപ്പെടും.

| വർഷം | കണക്ഷൻ ചാർജ്ജ് | പുതിയ കണക്ഷൻ | ആകെ കണക്ഷൻ |
|---|---|---|---|
| 2015 | 4000 | | 1677 |
| 2016 | 6500 | 88 | 1765 |
| 2017 | 6500 | 97 | 1862 |
| 2018 | 10000 | 57 | 1919 |
| 2019 | 10000 | 87 | 2006 |
| 2020 | 10000 | 14 | 2020 |
| 2021 | 1500 | 700 | 2720 |

സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത സ്കീം ലെവൽ എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് ഇരിക്കൂർ കുടിവെള്ള വിതരണ പദ്ധതിയുടെ തുടർനടത്തിപ്പും പരിപാലനവും നടത്തുന്നത്. സ്കീം മാനേജർ, അക്കൗണ്ടന്റ്, വാൽവ് ഓപ്പറേറ്റർ, പ്ലംബർ, മീറ്റർ റീഡർ എന്നിവരടങ്ങിയ 7 ജീവനക്കാരും ഉള്ളതിനാൽ കുടിവെള്ള വിതരണവും യൂസർ ചാർജ്ജ് ശേഖരണവും കൃത്യമായി നടക്കുന്നു.



| ഗുണഭോക്തൃ കുടുംബങ്ങൾ | |
|---|---|
| കാറ്റഗറി | വീടുകൾ |
| ജനറൽ | 2694 |
| പട്ടികജാതി | 26 |
| പട്ടികവർഗ്ഗം | 0 |
| ആകെ | 2720 |

| സ്ലാബ് | വാട്ടർ ചാർജ്ജ് |
|---|---|
| 10000 ലിറ്റർ വരെ | 110 രൂപ |
| 10000-20000 ലിറ്റർ | ഓരോ അധിക 1000 ലിറ്ററിനും 20 രൂപ വീതം |
| 20000-30000 ലിറ്റർ | ഓരോ അധിക 1000 ലിറ്ററിനും 50 രൂപ വീതം |
| 30000 ലിറ്ററിനു മുകളിൽ | ഓരോ അധിക 1000 ലിറ്ററിനും 100 രൂപ വീതം |

ജല അതോറിറ്റിയിൽ നിന്ന് 1000 ലിറ്ററിന് 6 രൂപ നിരക്കിൽ ശുദ്ധീകരിച്ച ജലം വാങ്ങി സ്ലാബ് അടിസ്ഥാനത്തിൽ യൂസർ ചാർജ്ജ് പിരിച്ചാണ് ഇരിക്കൂർ കുടിവെള്ള സമിതി പ്രവർത്തിക്കുന്നത്. പദ്ധതിയിൽ നിന്ന് വെള്ളം എടുത്താലും ഇല്ലെങ്കിലും എല്ലാ അംഗങ്ങളും എല്ലാ മാസവും മിനിമം യൂസർ ചാർജ്ജ് സമിതിക്ക് നൽകി വരുന്നു. കുടിവെള്ള വിതരണ പദ്ധതിയുടെ സുഗമമായ പ്രവർത്തനത്തിന് സമിതി അംഗങ്ങൾ അംഗീകരിച്ച് നടപ്പാക്കിയ ശക്തമായ തുടർനടത്തിപ്പ് നിയമാവലിയും ഉണ്ട്. തുടർച്ചയായി യൂസർ ചാർജ്ജ് അടയ്ക്കാത്ത കണക്ഷനുകൾ നോട്ടീസ് കൂടാതെ വിച്ഛേദിക്കുന്നതിനുള്ള അധികാരം നിയമാവലിയിലൂടെ സമിതി ഭാരവാഹികൾക്ക് നൽകിയിട്ടുണ്ട്.

| ജല ഉപഭോഗ രീതി | |
|---|---|
| ജല ഉപഭോഗം | വീടുകൾ |
| 1 – 10000 ലിറ്റർ | 1733 |
| 10001 – 20000 ലിറ്റർ | 669 |
| 20001 – 30000 ലിറ്റർ | 228 |
| 30001 – ലിറ്ററിനു മുകളിൽ | 90 |
| ആകെ | 2720 |

## യൂസർ ചാർജ്ജ് ശേഖരണത്തിന് സോഫ്റ്റ് വെയർ

മീറ്റർ റീഡർമാർ എല്ലാ മാസവും നിശ്ചിത ദിവസം വീടുകൾ സന്ദർശിച്ച് മീറ്റർ റീഡിങ് എടുക്കും. മീറ്റർ റീഡിങ് സംബന്ധിച്ച വിവരങ്ങൾ മൊബൈൽ മെസേജ് ആയി ഉപഭോക്താവിന് ലഭ്യമാക്കുന്നുണ്ട്. ഉപഭോക്താവ് യൂസർ ചാർജ്ജ് മീറ്റർ റീഡറെ ഏല്പിച്ചാൽ പണം കൈപറ്റിയതായി മൊബൈൽ മെസേജ് ലഭിക്കുന്നത് കുടിവെള്ള വിതരണ പദ്ധതിയുടെ സുതാര്യത വർദ്ധിപ്പിക്കുന്നു.

| പ്രശ്ന പരിഹാരം | | |
|---|---|---|
| വർഷം | പരാതികൾ | പരിഹരിച്ചവ |
| 2015 | 527 | 527 |
| 2016 | 469 | 469 |
| 2017 | 397 | 397 |

| പ്രശ്ന പരിഹാരം | | |
|---|---|---|
| വർഷം | പരാതികൾ | പരിഹരിച്ചവ |
| 2018 | 296 | 296 |
| 2019 | 354 | 354 |
| 2020 | 337 | 337 |
| 2021 | 217 | 217 |

ഉപഭോക്താക്കളുടെ പരാതികൾ ഫോൺ വഴി അറിയിക്കുന്നതിനും സമയബന്ധിതമായി പ്രശ്നപരിഹാരം ഉറപ്പുവരുത്തുന്നതിനുമായുള്ള പരാതി പരിഹാര സംവിധാനവും സമിതിക്കുണ്ട്. പൈപ്പ് പൊട്ടൽ വഴിയുള്ള ജലനഷ്ടം സമിതിക്ക് വളരെ കുറവാണ്. 67 ശതമാനം ഉപഭോക്താക്കളുടെയും പ്രതിമാസ ഉപഭോഗം 10,000 ലിറ്ററിലും താഴെയാണ്. ഓരോ മാസത്തെയും വെള്ളത്തിന്റെ യൂസർ ചാർജ്ജ് അതാത് മാസം തന്നെ സമിതി കേരള ജല അതോറിറ്റിയിൽ അടയ്ക്കുന്നു. നാളിതുവരെ 108 ലക്ഷം രൂപ യൂസർ ചാർജ്ജ് ഇനത്തിൽ ഇരിക്കൂർ കുടിവെള്ള പദ്ധതിക്ക് വേണ്ടി ഗുണഭോക്തൃ സമിതി കേരള ജല അതോറിറ്റിയിൽ അടച്ചിട്ടുണ്ട്.

**ബൾക്ക് വാട്ടർ ചാർജ്ജ്**
**കേരള വാട്ടർ അതോറിറ്റിയിൽ അടച്ചത്**

| വർഷം | ബൾക്ക് വാട്ടർ ചാർജ്ജ് |
|---|---|
| 2015-16 | 4,32,174 |
| 2016-17 | 17,87,391 |
| 2017-18 | 14,43,258 |
| 2018-19 | 18,32,214 |
| 2019-20 | 22,18,854 |
| 2020-21 | 21,01,123 |
| 2021-22 | 9,83,554 |
| ആകെ | 1,07,98,568 |



ചെറിയ പലോറ കുടിവെള്ള പദ്ധതി കിഴക്കോത്ത് നവീകരിക്കുന്നതിന് ശേഷം






വെറകുന്ന് കുടിവെള്ള പദ്ധതി കിഴക്കോത്ത്
സുസ്ഥിരതാ പദ്ധതിയിലൂടെ നവീകരിക്കുന്നതിന് മുൻപും ശേഷവും



എം ഫവാസ് പനയത്തിൽ
സെക്രട്ടറി
വർക്ക്മേറ്റ് സോഷ്യൽ ഡവലപ്മെന്റ് സർവ്വീസ് സൊസൈറ്റി

# കുടിവെള്ള പദ്ധതികളുടെ തുടർ നടത്തിപ്പും പരിപാലനവും ലളിതമാക്കാൻ സ്റ്റാർട്ട് അപ്പ് യൂണിറ്റ് "വർക്ക്മേറ്റ്"

> സ്മാർട്ട് റീഡർ & സ്മാർട്ട് പേ സംവിധാനം നടപ്പിൽ വരുത്തുന്നതോടു കൂടി കുടിവെള്ള വിതരണ പദ്ധാതികൾക്ക് കുടിശ്ശിക ഇല്ലാതെ ലാഭകരമായി പ്രവർത്തിക്കാൻ സാധിക്കും.

ജലനിധിയുടെയും മറ്റ് വികസന ഏജൻസികളുടെയും സാമ്പത്തീക സഹായത്തോടെ നിർമ്മിച്ച സാമൂഹ്യ കുടിവെള്ള വിതരണ പദ്ധതികളിൽ സുതാര്യതയും കൃത്യതയും പ്രാമാണികരണത്തിൽ തുടർച്ചയും ഉറപ്പു വരുത്തുന്നതിന് സോഫ്റ്റ്വെയറുകളുടെയും ഉപകരണങ്ങളുടെയും ഉപയോഗം ഏറെ സഹായകരമാണ്. ഡിജിറ്റൽ സാങ്കേതിക രംഗത്തെ നൂതന സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി വർക്ക്മേറ്റ് സോഷ്യൽ ഡവലപ്മെന്റ് സർവ്വീസ് സൊസൈറ്റി തയ്യാറാക്കിയിട്ടുള്ള സോഫ്റ്റ്വെയർ അപ്ലിക്കേഷനുകളാണ് സ്മാർട്ട് റീഡർ & സ്മാർട്ട് പേ.


കുടിവെള്ള വിതരണ പദ്ധതികളുടെ തുടർ നടത്തിപ്പിനു വേണ്ടി പ്രത്യേകമായി നിർമിച്ച ഓ & എം സോഫ്റ്റ്വെയറാണ് വർക്ക്മേറ്റ് സ്മാർട്ട് റീഡർ & സ്മാർട്ട് പേ. ഓഫീസ് മാനേജ്മെന്റിന് ആവശ്യമായ

മീറ്റർ റീഡിങ്, ബില്ലിംഗ്, സ്പോട്ട് കള
ക്ഷൻ, ഓൺലൈൻ പേയ്മെന്റ്, കംപ്ല
യിന്റ് മാനേജ്മെന്റ്, സ്റ്റോക്ക് റിപ്പോർട്ട്,
എസ്.എം.എസ് സേവനം, അക്കൗണ്ട്സ്
എന്നീ എല്ലാ സൗകര്യങ്ങളും ഉൾക്കൊള്ളു
ന്നതാണ് ഈ സംവിധാനം. പൂർണ്ണമായും
ഓൺലൈനിൽ പ്രവർത്തിക്കുന്ന കൃത്യ
തയുള്ള സാങ്കേതിക സംവിധാനമായതി
നാൽ കമ്മിറ്റികൾക്കും ഗുണഭോക്താക്കൾ
ക്കും ഗ്രാമ പഞ്ചായത്തുകൾക്കും ഏറെ
പ്രയോജനകരമാണ്. സ്മാർട്ട് റീഡർ &
സ്മാർട്ട് പേ സംവിധാനം നടപ്പിൽ വരു
ത്തുന്നതോടു കൂടി കുടിവെള്ള വിതരണ
പദ്ധതികൾക്ക് കുടിശ്ശിക ഇല്ലാതെ ലാഭക
രമായി പ്രവർത്തിക്കാൻ സാധിക്കുന്നു.

**ജലനിധി, ജലജീവൻ പോലുള്ള കുടിവെള്ള പദ്ധതികളുടെ നട ത്തിപ്പിലും പരിപാ ലനത്തിലും പ്രശ്ന ങ്ങൾ അനുഭവിക്കുന്ന സമിതികളെയും സമിതി കമ്മിറ്റികളെ യും സഹായിക്കുന്നതി നായി ഓപ്പറേറ്റിംഗ് ഏജൻസിയായും വർ ക്ക്മേറ്റ് സോഷ്യൽ ഡവലപ്പ്മെന്റ് സർ വ്വീസ് സൊസൈറ്റി പ്രവർത്തിക്കുന്നു**

## സവിശേഷതകൾ:

- കൺസ്യൂമർ മാനേജ്മെന്റ്
- മീറ്റർ റീഡിംഗ് & ബില്ലിംഗ്
- ഓൺലൈൻ പേയ്മെന്റ്
- സ്പോട്ട് കളക്ഷൻ മാനേജ്മെന്റ്
- കംപ്ലയിന്റ് റെജിസ്ട്രേഷൻ മാനേജ്മെന്റ്
- ഡിജിറ്റൽ കൺസ്യൂമർ കാർഡ്
- അഡീഷണൽ ചാർജ് മാനേജ്മെന്റ്
- മീറ്റർ റീഡിംഗ് ഫോട്ടോ അപ്ലോഡിംഗ്
- കംപ്ലയിന്റ് ഫോട്ടോ അപ്ലോഡിംഗ്
- യൂസർ മാനേജ്മെന്റ്
- താരിഫ് & സ്ലാബ് മാനേജ്മെന്റ്
- ബിജി മാനേജ്മെന്റ്
- സ്റ്റോക്ക് റിപ്പോർട്ട് മാനേജ്മെന്റ്
- സ്റ്റാഫ് മാനേജ്മെന്റ്
- ക്യാഷ് & ബാങ്ക് അക്കൗണ്ട് മാനേജ്മെന്റ്
- എസ്.എം.എസ് സേവനം
- അനൗൺസ്മെന്റ് മാനേജ്മെന്റ്
- പെൻഡിംഗ് റീഡിംഗ് & ബില്ലിംഗ് റിപ്പോർട്ട് മാനേജ്മെന്റ്
- ബിജി & യൂസർ റിപ്പോർട്ടുകൾ






## റീഡിംഗ് മെഷീൻ

കുടിവെള്ള വിതരണ പദ്ധതികളുടെ മീറ്റർ റീഡിങ്, ബില്ലിങ്, സ്പോട്ട് കളക്ഷൻ, പരാതി പരിഹാരം എന്നിവ കൃത്യതയോടെയും സമയബന്ധിതമായും നടപ്പിലാക്കുന്നതിന് റീഡിംഗ് മെഷീൻ സഹായിക്കുന്നു. മീറ്റർ റീഡർ ഡിജിറ്റൽ കൺസ്യൂമർ കാർഡിലെ ക്യൂആർ കോഡ് സ്കാൻ ചെയ്തോ കൺസ്യൂമർ നമ്പർ സെർച്ച് ചെയ്തോ ഗുണഭോക്താവിന്റെ ഫോട്ടോയും വിവരങ്ങളും ഉറപ്പ് വരുത്തിയതിന് ശേഷം മീറ്ററിന്റെ ഫോട്ടോയും നിലവിലെ റീഡിംങും രേഖപ്പെടുത്തുന്നു. തുടർന്ന് പ്രിന്റ് ബട്ടൺ അമർത്തുന്നതോടുകൂടി റീഡിംഗ് പൂർത്തിയാക്കി ഗുണഭോക്താവിന് വിശദ വിവരങ്ങൾ അടങ്ങിയ ഡിമാന്റ് നോട്ടീസ് നൽകാൻ സാധിക്കുന്നു. വളരെ കുറഞ്ഞ സമയത്തിൽ റീഡിംഗ് പൂർത്തീയാക്കി ഗുണഭോക്താവിന് ഡിമാന്റ് നോട്ടീസ് നൽകാൻ സ്മാർട്ട് റീഡിംഗ് മെഷീൻ സഹായകമാണ്. സമിതിയുടെയും ഗുണഭോക്താവിന്റെയും പ്രധാന വിവരങ്ങൾ, മുൻ റീഡിംഗ് തിയ്യതി, ബില്ലിന്റെ അവസാന തിയ്യതി, റീഡിംഗ് വിവരങ്ങൾ, അടക്കേണ്ട തുക, കുടിശ്ശിക, അടച്ച തുക, മീറ്റർ റീഡറുടെ വിവരങ്ങൾ തുടങ്ങി വിശദ വിവരങ്ങൾ നോട്ടീസിൽ അടങ്ങിയിരിക്കുന്നു.

## സ്മാർട്ട് പേ

ഓൺലൈൻ ആയി കുടിവെള്ള വിതരണ പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് വെള്ളക്കരമടക്കാനും റീഡിംഗിന്റെയും ബില്ലിന്റെയും വിശദവിവരങ്ങളറിയാനും മൊബൈൽ ആപ് വഴി സാധിക്കും. ഗുണഭോക്താക്കൾക്ക് ഭാരവാഹികളുമായി ആശയ വിനിമയം നടത്തുന്നതിനും സുപ്രധാന അറിയിപ്പുകൾ ഗുണഭോക്താക്കൾക്ക് നൽകുന്നതിനും സ്മാർട്ട് പേ ആപ്പിൽ സൗകര്യമുണ്ട്. ഏതൊരു സാധാരണക്കാർക്കും വളരെ ഈസിയായി ഉപയോഗിക്കാൻ പറ്റുന്ന രീതിയിലാണ് സ്മാർട്ട് പേ ആപ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. ഗുണഭോക്താക്കൾക്ക് ഗൂഗിൾ പ്ലേ സ്റ്റോറിൽ നിന്നും smpay ആപ് ഡൗൺലോഡ് ചെയ്ത് പഞ്ചായത്ത്, കൺസ്യൂമർ നമ്പർ, ഓഫീസിൽ നിന്നും നൽകുന്ന പാസ്‌വേർഡ് എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്യാവുന്നതാണ്. smpay.in എന്ന വെബ്സൈറ്റിലൂടെയും അക്ഷയ കേന്ദ്രങ്ങളിലൂടെയും ഗുണഭോക്താക്കൾക്ക് പണമടക്കാൻ സാധിക്കും.

## പരാതി പരിഹാര നടപടികൾ

കുടിവെള്ള വിതരണ പദ്ധതികളുടെ നട

ത്തിപ്പിൽ പ്രാധാന്യമേറിയതാണ് പരാതി പരിഹാര നടപടികൾ. ഉപഭോക്താക്കൾക്ക് ഓൺലൈൻ ആയും മീറ്റർ റീഡർ മുഖേനയും ഓഫീസിൽ നേരിട്ടും ഫോട്ടോ സഹിതം പരാതികൾ അറിയിക്കാം. ലഭിക്കുന്ന പരാതികൾ മാനേജ്മെന്റ് ഒപ്ഷനിലൂടെ തരം തിരിക്കാനും ഓപ്പറേറ്റർക്ക് നോട്ടിഫിക്കേഷൻ നൽകാനും സ്റ്റാറ്റസ് രേഖപ്പെടുത്താനും ഷെഡ്യൂൾ ചെയ്യാനും സാധിക്കും. ഷെഡ്യൂൾ ചെയ്ത പരാതികളെ കുറിച്ചുള്ള വിവരങ്ങൾ  അതാത് പ്രദേശങ്ങളിലെ   ഓപ്പറേറ്റർമാർക്ക് അവരുടെ മൊബൈൽ ഫോണിൽ  നോട്ടിഫിക്കേഷൻ നൽകുകയും പരാതി പരിഹരിച്ചതിന്റെ സമയ ക്രമം അനുസരിച്ച് ഫോട്ടോയും വിവരങ്ങളും രേഖപ്പെടുത്താൻ സാധിക്കുകയും ചെയ്യും. പരാതി ഷെഡ്യൂൾ ചെയ്യുന്ന സമയത്തും പരാതി പരിഹരിക്കുന്ന സമയത്തും ഉപഭോക്താവിന് ഓപ്പറേറ്ററുടെ പേരും മൊബൈൽ നമ്പറും പരാതിയുടെയും വിവരങ്ങളും അടങ്ങുന്ന എസ് എം എസ് ലഭിക്കുന്നതാണ്.

മലപ്പുറം ജില്ലയിലെ എടരിക്കോട്, പറപ്പൂർ, ഇല്ലിപ്പിലാക്കൽ, പാലാനി,  ഊർങ്ങാട്ടീരി പഞ്ചായത്തുകളിലെ  ജലനിധി കുടിവെള്ള പദ്ധതികളുടെ മീറ്റർ റീഡിംഗും അനുബന്ധ പ്രവർത്തികളും കമ്പ്യൂട്ടർ സോഫ്റ്റ്വെയറിന്റെയും ആൻഡ്രോയിഡ് അപ്ലിക്കേഷന്റെയും റീഡിംഗ് മെഷീനിന്റെയും സഹായ





ത്തോടെ നടപ്പിലാക്കുന്നത് വർക്ക്മേറ്റ് സോഷ്യൽ ഡവലപ്മെന്റ് സർവ്വീസ് സൊസൈറ്റിയുടെ  നേതൃത്വത്തിലാണ്.

## ഓപ്പറേറ്റിംഗ് ഏജൻസി

ജലനിധി, ജലജീവൻ പോലുള്ള  കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിലും  പരിപാലനത്തിലും പ്രശ്നങ്ങൾ അനുഭവിക്കുന്ന സമിതികളെയും സമിതി കമ്മിറ്റികളെയും സഹായിക്കുന്നതിനായി  ഓപ്പറേറ്റിംഗ് ഏജൻസിയായും  വർക്ക്മേറ്റ് സോഷ്യൽ ഡവലപ്മെന്റ് സർവ്വീസ് സൊസൈറ്റി പ്രവർത്തിക്കുന്നു. ജലവിതരണം, അക്കൗണ്ടിങ്ങ്, മീറ്റർ റീഡിംഗ്, ബില്ലിംങ്, വെള്ളക്കരം പിരിക്കൽ, ഓൺലൈൻ പേയ്മെന്റ്, പരാതി പരിഹാര നടപടികൾ, സ്റ്റാഫ് ട്രൈനിംഗ്, അനുബന്ധ പ്രവർത്തികൾ തുടങ്ങിയവ വർക്ക്മേറ്റ് പൂർണ്ണമായും ഏറ്റെടുത്ത് പദ്ധതി ലാഭകരമാക്കുന്നതിന് കമ്മിറ്റികളുമായി ചേർന്ന് പ്രവർത്തിക്കുന്നു. കമ്മിറ്റികൾക്ക് യാതൊരുവിധ ചിലവുകളും വരാതെ ഉപഭോക്താക്കളിൽ നിന്നും സർവീസ് ചാർജ് ഈടാക്കിയാണ് ഓപ്പറേറ്റിംഗ് ഏജൻസിയായി വർക്ക്മേറ്റ് സേവനം ചെയ്യുന്നത്. മലപ്പുറം ജില്ലയിലെ തെന്നല, പെരുമണ്ണ ക്ലാരി, ഊരകം, ചേലേമ്പ്ര, ഇരിങ്ങല്ലൂർ പഞ്ചായത്തുകളിലെ  ജലനിധി കുടിവെള്ള പദ്ധതികളുടെ ഓപ്പറേറ്റിംഗ് ഏജൻസിയായി വർക്ക്മേറ്റ് സോഷ്യൽ ഡവലപ്മെന്റ് സർവ്വീസ് സൊസൈറ്റി പ്രവർത്തിക്കുന്നത്



**ഷീജ സതീഷ് പ്രസിഡന്റ്**
നൂൽപ്പുഴ ഗ്രാമ പഞ്ചായത്ത്

# കുടിവെള്ള പദ്ധതികളുടെ തുടർ നടത്തിപ്പിന് നൂൽപ്പുഴ മാതൃക

നൂൽപ്പുഴ ഗ്രാമ പഞ്ചായത്തിൽ ജലനിധി പദ്ധതിയുടെ ഭാഗമായി രൂപീകരിക്കപ്പെട്ട 36 ശുദ്ധജല വിതരണ സമിതികളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് കൊണ്ടു പോകുന്നതിനായി പഞ്ചായത്ത് തലത്തിൽ രൂപീകൃതമായ ബി.ജി ഫെഡറേഷനാണ് നൂൽപ്പുഴ ശുദ്ധജല വിതരണ ഗുണഭോക്തൃ സൊസൈറ്റി. പ്രസ്തുത സൊസൈറ്റി 1860 ലെ സൊസൈറ്റി രജിസ്ട്രേഷൻ ആക്ടിന് വിധേയമായി രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്നു.

> **ജലനിധി പദ്ധതികളായി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ഗുണഭോക്തൃ സമിതികളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന രണ്ടു പേർ ഫെഡറേഷന്റെ ജനറൽ ബോഡി അംഗങ്ങളാണ്.**

ജലനിധിയുടെ രണ്ടാം ഘട്ടത്തിൽ ബാച്ച് 1 പഞ്ചായത്തായി ആരംഭിച്ച നൂൽപ്പുഴ പഞ്ചായത്തിലെ 36 കുടിവെള്ള വിതരണ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങളും സാനിറ്റേഷൻ പ്രവൃത്തികളും പൂർത്തീകരിച്ച ശേഷം ജലനിധിയുടെ പഞ്ചായത്തുതല പ്രവർത്തനങ്ങളുടെ ചുമതല ബി.ജി. ഫെഡറേഷനാണ്. നൂൽപ്പുഴ ഗ്രാമ പഞ്ചായത്തിൽ ജലനിധി പദ്ധതിയുടെ ഭാഗമായി

നിലവിൽ വന്ന എല്ലാ ശുദ്ധ ജല വിതരണ ഗുണഭോക്തൃ സമിതികളെയും പഞ്ചായത്തു തലത്തിൽ ഏകോപിപ്പിച്ചു കൊണ്ടു പോകുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടെയാണ് ഫെഡറേഷൻ പ്രവർത്തിക്കുന്നത്. ഫെഡറേഷന്റെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 2018 ഒക്ടോബർ മാസം മുതൽ ഫെഡറേഷന്റെ കീഴിൽ ഒരു പ്രൊജക്ട് മാനേജരെ നിയമിക്കുകയും പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന ജലനിധിയുടെ ജി.പി.എസ്.ടി ഓഫീസ് ബി.ജി ഫെഡറേഷന്റെ ഓഫീസായി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു .

സൊസൈറ്റിയുടെ നിയമാവലി പ്രകാരം, ഗ്രാമ പഞ്ചായത്തിൽ ജലനിധി പദ്ധതികളായി രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന ഓരോ ഗുണഭോക്തൃ സമിതികളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന രണ്ടു പേർ ഫെഡറേഷന്റെ ജനറൽ ബോഡി അംഗങ്ങളാണ്. ഗ്രാമ പഞ്ചായത്തിന്റെ പ്രസിഡന്റാണ് സൊസൈറ്റിയുടെയും പ്രസിഡന്റ്. വാർഡ് മെമ്പർമാരും ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും സൊസൈറ്റിയുടെ എക്സ് ഒഫീഷ്യോ അംഗങ്ങളാണ്. ഭരണസമിതിയുടെ അംഗസംഖ്യ 15 പേരിൽ കൂടാത്തതാണ്. ഭരണസമിതി അംഗങ്ങളിൽ 3 പേർ വനിതകളുമാണ്.

## ഫെഡറേഷൻ മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികൾ

ബി.ജി ഫെഡറേഷൻ ജലനിധി സമിതികളുടെ വിജയകരമായ നടത്തിപ്പിന് ആവശ്യമായ സഹായ സഹകരണങ്ങളും നിർദ്ദേശങ്ങളും നല്കുകയും സമിതികൾ അഭിമുഖീകരിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളിൽ ഇടപെടലുകൾ നടത്തുകയും പ്രശ്ന പരിഹാരത്തിന് സഹായിക്കുകയും ചെയ്തു വരുന്നു. ഫെഡറേഷൻ ഓഫീസിന്റെ നടത്തിപ്പു ചെലവുകൾക്കായി എല്ലാ സമിതികളിലെയും ഒരു ഗുണഭോക്തൃ ഭവനത്തിൽ നിന്നും 10/- രൂപ നിരക്കിൽ മാസവരി സ്വീകരിക്കുന്നു. ബി.ജി ഫെഡറേഷൻ മുഖാന്തരം താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കുന്നു.

## 1. സമിതികളിലെ വരവ് ചെലവ് കണക്കുകളുടെ പരിശോധന, വാർഷിക ഓഡിറ്റ്

ജലനിധി സമിതികൾ എല്ലാ മാസവും സമിതികളിലെ വരവു ചെലവു കണക്കുകളും പമ്പിംഗ്, ജലവിതരണം തുടങ്ങിയവയെക്കുറിച്ചുള്ള വിവരങ്ങളും ഫെഡറേഷൻ ഓഫീസിൽ പ്രതിമാസ അവലോകന റിപ്പോർട്ട് വഴി സമർപ്പിക്കുന്നു. പ്രസ്തുതവിവരങ്ങൾ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ സമിതികൾക്ക് നല്കുകയും ആയത് ജലമിത്രം മൊബൈൽ ആപ്ലിക്കേഷനിൽ അപ്‌ലോഡ് ചെയ്യുകയും ചെയ്യുന്നത് ഫെഡറേഷന്റെ പ്രൊജക്ട് മാനേജരാണ്. പ്രതിവർഷം സമിതികളുടെ വരവു ചെലവു കണക്കുകൾ ക്രോഡികരിച്ച് വാർഷിക അക്കൗണ്ട് സ്റ്റേറ്റ്മെന്റ് തയ്യാറാക്കി നല്കുകയും ചെയ്യുന്നു.

## 2. സമിതികളുടെ രജിസ്ട്രേഷൻ പുതുക്കൽ

പ്രതിവർഷം സമിതികളുടെ സൊസൈറ്റി രജിസ്ട്രേഷൻ പുതുക്കുന്നതിന് ആവശ്യമായ എല്ലാ പ്രവൃത്തികളും ഫെഡറേഷൻ ഓഫീസ് മുഖാന്തരം നടപ്പിലാക്കി വരുന്നു.

## 3. സമിതികളിലെ പ്രശ്ന പരിഹാരം

സമിതികൾ അഭിമുഖികരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സമിതികൾ ആവശ്യപ്പെടുന്നതനുസരിച്ച് ഫെഡറേഷൻ ഭാരവാഹികൾ, വാർഡ് മെമ്പർമാർ എന്നിവരെയുൾപ്പെടുത്തി സമിതി തലത്തിൽ യോഗങ്ങൾ വിളിച്ചു ചേർക്കുകയും പ്രശ്ന പരിഹാരത്തിന് ആവശ്യമായ സഹായങ്ങളും നിർദ്ദേശങ്ങളും നല്കുകയും ചെയ്യുന്നു.

## 4. തുടർ പദ്ധതികൾ

സമിതികളുടെ വിജയകരമായ തുടർ നടത്തിപ്പിനുതകുന്ന സർക്കാർ പദ്ധതികൾ ലഭ്യമാക്കുന്നതിന് സമിതികൾക്കും പഞ്ചായത്തിനുമിടയിൽ ചാലക ശക്തിയായി ബി.ജി ഫെഡറേഷൻ പ്രവർത്തിക്കുന്നു. ജലനിധി പദ്ധതി പൂർത്തീകരിച്ച ശേഷം കുടിവെള്ള പദ്ധതികളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി രൂപം കൊടുത്തിട്ടുള്ള സുസ്ഥിരതാ പദ്ധതിയിലുൾപ്പെടുത്തി നൂൽപ്പുഴ ഗ്രാമ പഞ്ചായത്തിലെ 9 പദ്ധതികൾക്ക് അംഗീകാരം ലഭ്യമാക്കിയത് ഫെഡറേഷന്റെ നിരന്തരമായ ഇടപെ

ടലുകൾ മുഖേനെയാണ്. പ്രസ്തുത പദ്ധതിയുടെ തുടർനടത്തിപ്പിന് ആവശ്യമായ എല്ലാ പ്രവൃത്തികളും ഫെഡറേഷൻ ഓഫീസ് മുഖാന്തരം ചെയ്തു വരുന്നു.

## 5. മറ്റു പ്രവർത്തനങ്ങൾ

ഫെഡറേഷൻ ഓഫിസ് മുഖാന്തരം സമിതികൾക്കാവശ്യമായ ബിൽ ബുക്കുകൾ, ഡിമാൻഡ് നോട്ടീസ് തുടങ്ങിയവ മൊത്തമായി പ്രിന്റിംഗിന് നല്കുകയും സമിതികളുടെ ആവശ്യമനുസരിച്ച് വിതരണം ചെയ്യുകയും ചെയ്യുന്നു.

## 6. ഫെഡറേഷൻ പൊതുയോഗങ്ങൾ

നിശ്ചിതകാലയളവിൽ ഫെഡറേഷൻ ജനറൽ ബോഡിയോഗങ്ങളും എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങളും ചേരുകയും സമിതി പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭാവി പ്രവർത്തനങ്ങളും സമിതികളുടെ ആവശ്യങ്ങളും പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും ആവശ്യമായ മാറ്റങ്ങൾ നടപ്പിലാക്കുകയും ചെയ്തു വരുന്നു. ഫെഡറേഷന്റെ വാർഷിക പൊതുയോഗത്തിൽ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടത്തുകയും തുടർന്ന് രജിസ്ട്രേഷൻ പുതുക്കാനുള്ള നടപടികൾ ചെയ്യുകയും ചെയ്യുന്നു.

നൂൽപ്പുഴ ഗ്രാമ പഞ്ചായത്തിലെ ജനങ്ങൾ അഭിമുഖീകരിച്ചിരുന്ന കുടിവെള്ള പ്രശ്നത്തിന് പരിഹാരം ആകുന്ന കുടിവെള്ള പദ്ധതികളുടെ വിജയകരമായ തുടർ നടത്തിപ്പിന് പഞ്ചായത്തിന് വളരെ വലിയൊരു കൈത്താങ്ങാണ് ബി.ജി ഫെഡറേഷനായ നൂൽപ്പുഴ ശുദ്ധജല വിതരണ ഗുണഭോക്തൃ സമിതി. കുടിവെള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതും നടപ്പിൽ വരുത്തുന്നതും വഴി പഞ്ചായത്തിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിലും ബി.ജി ഫെഡറേഷൻ വലിയ പങ്ക് വഹിക്കുന്നു.

**പാറത്തോട് ഗ്രാമപഞ്ചായത്തിലെ ജലഗുണനിലവാര പരിശോധനായജ്ഞത്തിൽ കർമ്മനിരതരായി കാഞ്ഞിരപ്പള്ളി അമൽ ജ്യോതി എൻജിയറിംഗ് കോളേജിലെ വിദ്യാർത്ഥികൾ**





■ ജൽ ജീവൻ മിഷൻ ത്രികക്ഷി കരാർ പുതുപരിയാരം ഗ്രാമപഞ്ചായത്ത് നിർവ്വഹണ സഹായ ഏജൻസിയായ മിററിന് കൈമാറുന്നു.



■ ഉളിക്കൽ ഗ്രാമപഞ്ചായത്ത് എഗ്രിമെന്റ് കൈമാറുന്നു



■ ജൽ ജീവൻ മിഷൻ ത്രികക്ഷി കരാർ വെളിയം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ സഹായ ഏജൻസിയായ എം.എസ്.എസ്.എസിന് കൈമാറുന്നു.



■ ജൽ ജീവൻ മിഷൻ ത്രികക്ഷി കരാർ ചേലേമ്പ്ര ഗ്രാമ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സാന്നിദ്ധ്യത്തിൽ പ്രസിഡണ്ട് എ.പി ജമീല ജെ.ജെ.എം. ടീം ലീഡർക്ക് കൈമാറുന്നു



■ വെങ്ങാനൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആർ.എസ്. ശ്രീകുമാർ സെക്രട്ടറി വി.കെ. അപ്പുര കുമാർ എന്നിവർ ചേർന്ന് ജൽ ജീവൻ മിഷൻ ത്രികക്ഷി കരാർ ശാന്തിഗ്രാം ഡയറക്ടർ എൽ. പങ്കജാക്ഷന് കൈമാറ്റം ചെയ്യുന്നു.



■ ജൽ ജീവൻ മിഷൻ ത്രികക്ഷി കരാർ ഇടമുളയ്ക്കൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ സഹായ ഏജൻസിയായ എം.എസ്.എസ്.എസിന് കൈമാറുന്നു.



ജിജോ ജോസഫ്
ഡെപ്യൂട്ടി ഡയറക്ടർ HR & IEC

# ആമ്പൽ ശുദ്ധജലവിതരണ പദ്ധതി മികവിന്റെ മാതൃക.

എല്ലാ മാസവും കൃത്യമായി യോഗങ്ങൾ വിളിച്ചു ചേർത്ത് വരവ് ചിലവ് കണക്കുകൾ അവതരിപ്പിച്ചു പാസ്സാക്കിയും വെള്ളത്തിന്റെ സാമ്പിൾ കൃത്യമായ ഇടവേളകളിൽ ടെസ്റ്റ് ചെയ്തും ഇടയ്ക്കിടയ്ക്ക് കിണറിലെ ജലം ശുദ്ധീകരിച്ചും, സമയത്ത് അറ്റകുറ്റപണികൾ നടത്തിയും പ്രശ്നപരിഹാരത്തിന് അദാലത്ത് നടത്തിയും പദ്ധാതി മുമ്പോട്ടു പോകുന്നു.

കടപ്ലാമറ്റം ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിൽ സ്ഥാപിതമായ ശുദ്ധജല വിതരണ പദ്ധതിയാണ് ആമ്പൽ. 2012 ഫെബ്രുവരി 24-ന പദ്ധതി നിർമ്മാണം ആരംഭിക്കുകയും, 2014 ജൂൺ 7-ന് ശുദ്ധജല വിതരണം ആരംഭിക്കുകയും ചെയ്തു. പദ്ധതിയുടെ സ്രോതസ്സ് തുറന്ന കിണറാണ്. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി അടങ്കൽ തുകയായി 24,07,300/- രൂപ കണക്കാക്കുകയും അനുവദിച്ചതിൽ നിന്ന് 1,21,377/- കുറച്ച് നിർമാണം പൂർത്തികരിക്കുകയും ചെയ്തു. 50 കുടുബങ്ങളുള്ള പദ്ധതിയുടെ ഗുണഭോക്താക്കൾ ആകെ പദ്ധതി തുകയുടെ 10% ഗുണഭോക്തൃ വിഹിതമായി പിരിച്ചു. ഒരു ഗുണഭോക്താവ് 4623/- രൂപയാണ് ഗുണഭോക്തൃ വിഹിതമായി അടച്ചത്. 15,000 ലിറ്റർ വരെയുള്ള കുടിവെള്ളത്തിന് 100 രൂപയാണ് ചാർജ്ജ് ചെയ്യുന്നത്. അനുവദനീയമായ അളവിൽ കൂടുതൽ വെള്ളം ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്ക് ഓരോ അധിക ലിറ്ററിനും 10 മുതൽ





20 പൈസ വരെ അധിക തുക ചാർജ്ജ് ചെയ്ത് ജല ഉപഭോഗം നിയന്ത്രിച്ചു വരുന്നു. എല്ലാ വീടുകളിലും പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനിലൂടെ ദിവസേന മൂന്നു മണിക്കൂർ വീതം ജലവിതരണം ആമ്പൽ ശുദ്ധജലവിതരണ പദ്ധതി നൽകുന്നുണ്ട്. കൂടാതെ വർഷാ വർഷമുള്ള തിരഞ്ഞെടുപ്പ്, രജിസ്ട്രേഷൻ പുതുക്കൽ എന്നിവയും കൃത്യമായി നടത്താറുണ്ട്. കൃത്യമായി എല്ലാ മാസവും പമ്പ് ഓപ്പറേറ്റർ മീറ്റർ റീഡിംഗ് നടത്തി അനുവദനീയമായതിലും അധികമായി ഉപയോഗിക്കുന്ന ജലത്തിന് കൂടിയ യൂസർ ചാർജ് വാങ്ങുന്നതിനാലും കൃത്യസമയത്ത് യൂസർ ചാർജ് പിരിച്ചെടുക്കുന്നതിനാലും എല്ലാ ചിലവും കഴിച്ച് 1,57,120/- രൂപ ഗുണഭോക്തൃ സമിതിയ്ക്ക് കരുതൽ സമ്പാദ്യം ഉണ്ട്. ഗുണഭോക്തൃ സമിതി എല്ലാ മാസവും കൃത്യമായി യോഗങ്ങൾ വിളിച്ചു ചേർത്ത് വരവ് ചിലവ് കണക്കുകൾ അവതരിപ്പിച്ച് പാസ്സാക്കിയും വെള്ളത്തിന്റെ സാമ്പിൾ കൃത്യമായ ഇടവേളകളിൽ ടെസ്റ്റ് ചെയ്തും ഇടയ്ക്കിടയ്ക്ക് കിണറിലെ ജലം ശുദ്ധീകരിച്ചും, കൃത്യമായി അറ്റകുറ്റപണികൾ നടത്തിയും ഗുണഭോക്താക്കളുടെ പ്രശ്നപരിഹാരത്തിന് അദാലത്ത് നടത്തിയും പദ്ധതിയെ മുമ്പോട്ടു കൊണ്ടുപോകുന്നു.

ആമ്പൽ ഗുണഭോക്തൃസമിതിയുടെ അനുബന്ധ പ്രവർത്തനങ്ങൾ.

## 1. ചിട്ടി

ഗുണഭോക്താക്കളിൽ സമ്പാദ്യശീലം ഉണ്ടാക്കിയെടുക്കുവാൻ സമിതിയുടെ നേതൃത്വത്തിൽ ചിട്ടി നടത്തുകയും എല്ലാ

മാസവും 850/- രൂപ വീതം പിരിച്ച് ലക്കി ഡ്രോ നടത്തി ചിട്ടി തുക വിതരണം ചെയ്യുന്നു. ഒരിക്കൽ വിജയിയായ ഗുണഭോക്താവിന് അടുത്ത ലക്കി ഡ്രോയിൽ പങ്കെടുക്കാൻ അവസരം നൽകാതെ ചിട്ടിയുടെ സുതാര്യത ഉറപ്പു വരുത്തുകയും ചെയ്യുന്നു. സുതാര്യവും ജനകീയവുമായി നടത്തുന്ന ചിട്ടി ഗുണഭോക്താക്കളിൽ സമ്പാദ്യ ശീലം ഉണ്ടാക്കുകയും ചിട്ടി തുക ഉപയോഗിച്ച് കുട്ടികളുടെ വിദ്യാഭ്യാസം, മുതിർന്നവരുടെ ആരോഗ്യപരിപാലനം വീടുകളിൽ ആവശ്യമായ ഗൃഹോപകരണങ്ങളുടെ വാങ്ങൽ എന്നിവയ്ക്കായി അംഗങ്ങൾ ഉപയോഗിച്ചു വരുന്നു.

## 2. മെഡിക്കൽ ക്യാമ്പ്

സേവന പ്രവർത്തനത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും വേണ്ടി കൃത്യമായ ഇടവേളകളിൽ ആമ്പൽ ഗുണഭോക്തൃ സമിതി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. പ്രമേഹം, കണ്ണ്, പല്ല് എന്നിവയുടെയും ജീവിതശൈലി രോഗങ്ങളുടെയും ക്യാമ്പുകൾ സംഘടിപ്പിച്ചു വരുന്നു. മഴക്കാലങ്ങളിൽ ഹോമിയോ മരുന്നുകളുടെ വിതരണവും സമിതി നടത്തി വരുന്നുണ്ട്.

## 3. സ്വയം തൊഴിൽ പരിശീലനപരിപാടികൾ





ഗുണഭോക്തൃ സമിതിയിലെ കുടുംബങ്ങൾക്കായി സോപ്പ് പൊടി, ഹാൻഡ് വാഷ്, വീട്ടാവശ്യത്തിനുള്ള വിവിധതരം ലോഷനുകൾ, കാർവാഷ് ലോഷൻ തുടങ്ങിയവ നിർമിക്കാനുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും പരിശീലനം സിദ്ധിച്ച ഗുണഭോക്താക്കൾ വാണിജ്യാവശ്യത്തിന് ഉണ്ടാക്കിയ ഉത്പന്നങ്ങൾ ഗുണഭോക്തൃസമിതി തന്നെ ബ്രാന്റ് ചെയ്ത് വില്ക്കുകയും ചെയ്യുന്നു. ഇതിലൂടെ ആമ്പൽ ഗുണഭോക്തൃ സമിതിയും സമിതിക്കു കീഴിലെ ഉപഭോക്താക്കളും അധിക വരുമാനം ഉണ്ടാക്കുകയും ചെയ്യുന്നു.

## 4. ഗുണഭോക്തൃ സമിതി കലണ്ടർ

ആമ്പൽ ഗുണഭോക്തൃ സമിതി നിലവിൽ വന്നതിനുശേഷം എല്ലാ വർഷവും കൃത്യമായി മൾട്ടി കളറിൽ ലാമിനേറ്റഡ്




കലണ്ടറുകൾ ഗുണഭോക്താക്കൾക്കു വേണ്ടി പ്രസിദ്ധീകരിക്കാറുണ്ട്. പ്രസ്തുത കലണ്ടറിൽ തിരഞ്ഞെടുപ്പിലൂടെ മാറിമാറി വരുന്ന ഗുണഭോക്തൃ സമിതി ഭാരവാഹികളുടെ പേരു വിവരങ്ങൾ, മൊബൈൽ നമ്പർ തുടങ്ങിയവ രേഖപ്പെടുത്തിയാണ് നൽകാറുള്ളത്. ഇത് സമിതിയുടെ കീഴിലെ ഗുണഭോക്താക്കൾക്ക് സമിതി ഭാരവാഹികളെ ബന്ധപ്പെടുന്നതിനും പദ്ധതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സമയാസമയങ്ങളിൽ ഉന്നയിക്കുന്നതിനും സഹായിക്കുന്നു.

## 5. തുണി സഞ്ചി നിർമ്മാണവും വിതരണവും

പരിസ്ഥിതി സംരക്ഷണത്തിന് ഊന്നൽ നൽകി പ്ലാസ്റ്റിക്കുകൾ കുറയ്ക്കുന്നതിന്റെ ഭാഗമായി ആമ്പൽ ഗുണഭോക്തൃ സമിതി നിർമ്മിച്ച് തുണി സഞ്ചി എല്ലാ



ഉപഭോക്താക്കൾക്കും സൗജന്യമായി ലഭ്യമാക്കി. തുണി സഞ്ചിയിൽ ഗുണഭോക്തൃ സമിതിയുടെ പേരു വിവരങ്ങളും പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ടുള്ള സന്ദേശങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

## 6. ആമ്പൽ ഒരു പഠന മാതൃക

ആമ്പൽ ഗുണഭോക്തൃ സമിതിയുടെ പ്രവർത്തനങ്ങൾ സമിതിക്ക് കേരളത്തിനകത്തും പുറത്തും ധാരാളം പ്രശംസ നേടിയെടുക്കാൻ കാരണമായി. മറ്റു ജില്ലകളിൽ നിന്നും കേരളത്തിനു പുറത്തു നിന്നും പല സംഘടനകളും ആമ്പൽ ഗുണഭോക്തൃ സമിതിയുടെ പ്രവർത്തനങ്ങൾ നേരിൽ കണ്ട് മനസ്സിലാക്കാൻ പദ്ധതി പ്രദേശത്ത് പഠനയാത്രകൾ സംഘടിപ്പിച്ചു വരുന്നു.

ആമ്പൽ ഗുണഭോക്തൃസമിതിയുടെ ജനകീയമായ ഇടപെടലുകൾ സമിതിയെ മികച്ച ഒരു സംഘടനയാക്കി മാറ്റുകയും സമിതി പ്രസിഡന്റ് ശ്രീ. ജോഫി ജോസഫ് കടപ്ലാമറ്റം ഗ്രാമപഞ്ചായത്തിലെ ബി.ജി ഫെഡറേഷൻ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ഗ്രാമപഞ്ചായത്തിൽ ബി.ജി ഫെഡറേഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് ഓഫീസ് അനുവദിക്കുകയും, പഞ്ചായത്തിനു കീഴിലെ ശുദ്ധജലവിതരണ പദ്ധതികളുടെ ഏകോപന ചുമതല ഫെഡറേഷനെ പഞ്ചായത്ത് ഏൽപ്പിക്കുകയും ചെയ്തു.



# ജലനിധി പദ്ധതി മാതൃകാപരം: അസം പ്രതിനിധികൾ

കടപ്ലാമറ്റം ● ലോകബാങ്ക് സഹായത്തോടെ കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ നടപ്പാക്കുന്ന ജലനിധി പദ്ധതി മാതൃകാപരമെന്ന് അസമിൽനിന്നെത്തിയ സംഘം. ജനപങ്കാളിത്തത്തോടെയുള്ള ജലനിധി പദ്ധതിയുടെ നിർമാണവും ജനകീയ ഉടമസ്ഥതയും തുടർനടത്തിപ്പും പഠനവിധേയമാക്കാൻ എത്തിയ അസമിലെ നീർ നിർമൽ പരിയോജന പദ്ധതിയിലെയും സംസ്ഥാന പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിലെയും ഉദ്യോഗസ്ഥരാണ് കടപ്ലാമറ്റം പഞ്ചായത്ത് സന്ദർശിച്ചത്.

പഞ്ചായത്ത് പ്രസിഡന്റ് മേരിക്കുട്ടി തോമസ്, വൈസ് പ്രസിഡന്റ് ശശിധരൻ നായർ സഹായ സംഘടന പ്രതിനിധികൾ എന്നി



**സി.കെ.എ റസാഖ്,**
(പ്രസിഡന്റ്, തെന്നല, പെരുമണ്ണക്ലാരി
മൾട്ടി ജിപി ജലനിധി കോഡിനേഷൻ കമ്മിറ്റി)

# തെന്നല, പെരുമണ്ണക്ലാരി മൾട്ടി ഗ്രാമപഞ്ചായത്ത് ജലനിധി പദ്ധതികൾ സ്മാർട്ടായി

> സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും വിധവകൾക്കും സൗജന്യമായി കുടിവെള്ളം നൽകുന്നതിനുള്ള പദ്ധാതികൾ ആവിഷ്കരിക്കുന്നു

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട തെന്നല, പെരുമണ്ണക്ലാരി പഞ്ചായത്തുകൾ ഉൾപ്പെടുന്ന രണ്ട് ഗ്രാമപഞ്ചായത്തുകളിലെ 7994 കുടുംബങ്ങൾക്ക് ശുദ്ധീകരിച്ച കുടിവെള്ളം വിതരണം ചെയ്യുന്നതിന് കേരള വാട്ടർ അതോറിറ്റി - കെ.ആർ.ഡബ്ല്യൂ.എസ്.എ സംയുക്ത സംരംഭമായ തെന്നല, പെരുമണ്ണക്ലാരി മൾട്ടി ഗ്രാമപഞ്ചായത്ത് ജലനിധി പദ്ധതി വിജയകരമായ ഒരു വർഷം പൂർത്തിയാക്കി. കടലുണ്ടി പുഴയിലെ പെരുംമ്പുഴ കടവിൽ കേരള വാട്ടർ അതോറിറ്റി നിർമ്മിച്ച കിണറിൽ നിന്നും വെള്ളം പമ്പ് ചെയ്ത് 12.86 mld കപ്പാസിറ്റിയുള്ള ശുദ്ധീകരണശാലയിൽ ശുദ്ധീകരിക്കുന്നു. കേരള വാട്ടർ അതോറിറ്റി നിന്ന് ബൾക്ക് വാട്ടർ പർച്ചയിസിലൂടെ മൾട്ടി ജിപി ജലനിധി കോഡിനേഷൻ കമ്മിറ്റി വാങ്ങിക്കുന്ന കുടിവെള്ളം മേലെ കോഴിച്ചെന എം.എസ്.പി ക്യാമ്പിന്റെ പരിസരത്ത് നിർമ്മിച്ചിരിക്കുന്ന 23 ലക്ഷം കപ്പാസിറ്റിയുള്ള ടാങ്കിൽ എത്തിച്ചാണ് വിതരണം ചെയ്യുന്നത്.

241 കിലോ മീറ്റർ നീളമുള്ള കുടിവെള്ള വിതരണ ശൃംഖല രണ്ട് ഗ്രാമപഞ്ചായത്തു കളിലും പ്രവർത്തിക്കുന്ന ജലനിധി സ്കീം ലെവൽ എക്സിക്യൂട്ടീവ് കമ്മറ്റികളുടെ നേതൃത്വത്തിൽ നിർമ്മിച്ചിട്ടുണ്ട്.

സമ്പൂർണ്ണ ഡിജിറ്റൽ സംവിധാനത്തി ലൂടെയാണ് തെന്നല, പെരുമണ്ണക്ലാരി പഞ്ചായത്തുളുടെ ബൾക്ക് വാട്ടർ കുടിവെ ള്ള പദ്ധതിയുടെ തുടർ നടത്തിപ്പും പരിപാ ലനവും നടക്കുന്നത്. പദ്ധതിയിലെ മുഴുവൻ ഗുണഭോക്താക്കൾക്കും റീഡിങ്ങിന്റെയും ബില്ലിങ്ങിന്റെയും വിശദ വിവരങ്ങൾ അറിയാനും ഓൺലൈൻ വഴി എളുപ്പ ത്തിൽ വെള്ളക്കരം അടക്കാനും പരാതി പരിഹരിക്കുന്നതിനും അറിയിപ്പുകൾ ലഭിക്കുന്നതിനും അപേക്ഷ ഫോമുകൾ ഡൗൺലോഡ് ചെയ്യാനും കമ്മിറ്റി അംഗങ്ങളുമായി ആശയ വിനിമയം നടത്തുന്നതിനും മൊബൈൽ അപ്ലിക്കോ ഷനിലൂടെ സൗകര്യമൊരുക്കിയിരിക്കുന്നു. പൂർണ്ണമായും സൗജന്യമായ എസ്.എം പേ അപ്ലിക്കേഷൻ ഗൂഗിൾ പ്ലേ സ്റ്റോറിൽ നിന്നും ഡൗൺലോഡ് ചെയ്ത് ഓഫീസിൽ നിന്നും നൽകുന്ന യൂസർ ഐഡിയും പാസ് വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഗുണഭോക്താക്കൾ ഉപയോഗിച്ചുവരുന്നു.

നൂതന സാങ്കേതിക വിദ്യയുടെ സഹാ യത്തോടെ കാലാനുസൃതമായ മാറ്റങ്ങൾ കേരളത്തിലാദ്യമായി തെന്നല, പെരുമണ്ണ ക്ലാരി മൾട്ടി ഗ്രാമപഞ്ചായത്ത് ജലനിധി പദ്ധതി യിൽ കൊണ്ടു വരാനായത് കോഴിക്കോട് ആസ്ഥാനമായി പ്രവർത്തി ക്കുന്ന വർക്ക്മേറ്റ് സോഷ്യൽ ഡെവല പ്മെൻറ് സർവ്വീസ് സൊസൈറ്റിയുടെ സഹായത്തോടെയാണ്. പദ്ധതിയുടെ ആരംഭ ഘട്ടത്തിൽ തന്നെ ഓപ്പറേറ്റിംങ് ഏജൻസിയായി വർക്ക്മേറ്റ് സോഷ്യൽ ഡെവലപ്മെൻറ് സർവ്വീസ് സൊസൈ റ്റിയെ നിയമിച്ചത് പഞ്ചായത്തുകളിലെ കുടിവെള്ള വിതരണ ചുമതല കാര്യക്ഷമ മായി നിർവ്വഹിക്കുന്നതിന് വളരെ ഏറെ സഹായകരമായി.

സോഫ്റ്റ്വെയർ നിർമാണത്തിന് പുറമെ റീഡിംഗും മറ്റു അനുബന്ധ പ്രവർ ത്തനങ്ങളും ഓപ്പറേറ്റിംങ് ഏജൻസിയുടെ മേൽനോട്ടത്തിലാണ് നടക്കുന്നത്. എല്ലാ മാസവും 15 നകം റീഡിംഗ് പൂർത്തിയാ ക്കി വെള്ളക്കരം പിരിക്കൽ ഏജൻസി നടത്തുന്നതിലൂടെ കുടിശ്ശിക പരമാവധി ഒഴിവാക്കാൻ സാധിക്കുന്നുണ്ട്. റീഡിംഗ് സമയത്തോ ഓൺലൈനായോ വീട്ടിൽ നിന്നുതന്നെ പണം അടക്കാനുള്ള സൗ കര്യമൊരുക്കിയിരിക്കുന്നതിനാൽ ഗുണ ഭോക്താക്കൾക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് ബില്ലടക്കാൻ ഗുണഭോക്ത സമിതിയുടെ ഓഫീസിൽ വന്നു ക്യൂ നിൽക്കേണ്ട സാഹ ചര്യം വരുന്നില്ല. അക്ഷയ കേന്ദ്രങ്ങളിലും വെള്ളക്കരമടക്കാനുള്ള സൗകര്യമൊരു ക്കിയത് ഗുണഭോക്താക്കൾക്ക് വളരെ ഏറെ പ്രയോജനകരമാണ്. റീഡിംഗി ന്റെയും വെള്ളക്കരം അടയ്ക്കുന്നതിന്റെ യും വിവരങ്ങൾ യഥാസമയം കമ്മിറ്റി അംഗങ്ങൾക്കും ഗുണഭോക്താക്കൾക്കും മൊബൈൽ ആപ്പിലൂടെയും എസ്.എം.എ സിലൂടെയും അറിയാൻ സാധിക്കുന്നുവെ ന്നത് പദ്ധതിയുടെ സുതാര്യത വർദ്ധിപ്പിക്ക



ന്നുണ്ട്. ഗുണഭോക്താക്കളുടെ പരാതികൾ മൊബൈൽ ആപ്പിലൂടെ സ്വീകരിക്കാനും പരാതികൾ വേഗത്തിൽ പരിഹരിക്കാനും ഗുണഭോക്താക്കൾക്ക് പരാതിയുടെ നില അറിയാനും സംവിധാനം ഒരുക്കിയിട്ടുണ്ട്.

പദ്ധതിയുടെ തുടർ നടത്തിപ്പും പരിപാലനവും വിജയകരമായി നടപ്പിലാക്കാൻ ഓപ്പറേറ്റിംഗ് ഏജൻസിയുടെ സഹായത്തോടെ സ്കീം ലെവൽ എക്സിക്യൂട്ടീവ് കമ്മിറ്റികൾക്ക് സാധിക്കുന്നു. ഓരോ മാസത്തെയും വെള്ളത്തിൻറെ ഉപഭോക ചാർജ്ജ് അതാത് മാസങ്ങളിൽ തന്നെ തെന്നല പെരുമണ്ണക്ലാരി മൾട്ടി ജിപി ജലനിധി കോഡിനേഷൻ കമ്മിറ്റി കേരള ജല അതോറിറ്റിയിൽ അടക്കുന്നു.

തെന്നല പെരുമണ്ണക്ലാരി പഞ്ചായത്തുകളിലെ എല്ലാ വാർഡുകളിലെയും സന്നദ്ധ പ്രവർത്തകർക്കും കോവിഡ് ആശുപത്രികൾക്കും മാസ്ക്കുകളും, സാനിറ്റൈസറുകളും പ്രതിരോധ കിറ്റുകളും നൽകുവാൻ തെന്നല പെരുമണ്ണക്ലാരി മൾട്ടി ജിപി ജലനിധി കോഡിനേഷൻ കമ്മിറ്റി സാധിച്ചു. കൂടാതെ സാമൂഹിക വിദ്യാഭ്യാസ മേഖലകളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച വ്യക്തികൾക്ക് ആദരവ് നൽകുകയും ചെയ്തുവരുന്നു. പഞ്ചായത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും വിധവകൾക്കും സൗജന്യമായി കുടിവെള്ളം നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നു. തെന്നല പെരുമണ്ണക്ലാരി പഞ്ചായത്തുകളിലെ എല്ലാ കുടിവെള്ള വിതരണ പദ്ധതിയുടെ ഗുണഭോക്താക്കൾക്കും ജലനിധി കോഡിനേഷൻ കമ്മിറ്റിയുടെ കലണ്ടർ സൗജന്യമായി വിതരണം ചെയ്യുന്നതിനുള്ള നടപടികളും പൂർത്തിയായി.





കോട്ടയം ജില്ലയിലെ പാറത്തോട് ഗ്രാമ പഞ്ചായത്തിലെ ജലഗുണനിലവാര പരിശോധന യജ്ഞത്തിന് വേണ്ടി കാഞ്ഞിരപ്പള്ളി അമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികൾക്ക് വേണ്ടി നടത്തിയ വാട്ടർ ക്വാളിറ്റി ടെസ്റ്റിംഗ് ട്രെയിനിങ് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ജോണിക്കുട്ടി മഠത്തിനാകം ഉത്ഘാടനം ചെയ്തു. കോളേജ് മാനേജർ ഫാ. ഡോ. മാത്യു പൈക്കാട് അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ ഡോ. ഇസഡ് വി ളാഹപറമ്പിൽ മുഖ്യപ്രഭാഷണം നടത്തി.



വയനാട് ജില്ലയിലെ തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ സന്നദ്ധ പ്രവർത്തകർ ജലഗുണനിലവാര പരിശോധന നടത്തുന്നു.



വയനാട് ജില്ലയിലെ തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ സന്നദ്ധ പ്രവർത്തകർ ജലഗുണനിലവാര പരിശോധന നടത്തുന്നു.



**ജോസ് ജെയിംസ്**
മാനേജർ കമ്മ്യൂണിറ്റി ഡവലപ്മെന്റ്

# ജൽ ജീവൻ പദ്ധതിയുടെ അടിത്തറ ഉറപ്പിക്കാൻ ഇംപ്ലിമെന്റേഷൻ സപ്പോർട്ട് ഏജൻസികൾ

> ഭവന സന്ദർശനങ്ങളും സെമിനാറുകളും വിവര വിജ്ഞാന ആശയവിനിമയ പരിപാടികളും വഴി മുഴുവൻ വീടുകളെയും കുടിവെള്ള വിതരണ പദ്ധതിയിൽ അംഗങ്ങളാക്കുന്നതാണ് നിർവ്വഹണ സഹായ ഏജൻസികളുടെ ചുമതല.

സംസ്ഥാനത്തെ മുഴുവൻ ഗ്രാമീണ കുടുംബങ്ങളിലും 2024 ഓടെ പ്രവർത്തന സജ്ജമായ ടാപ്പ് വഴി ശുദ്ധമായ കുടിവെള്ളം മിതമായ നിരക്കിൽ തുടർച്ചയായി ലഭ്യമാക്കുന്നതിന് നടപ്പിലാക്കി വരുന്ന ജല ജീവൻ പദ്ധതിയുടെ അടിത്തറ ഉറപ്പിക്കുന്നത് ഇംപ്ലിമെന്റേഷൻ സപ്പോർട്ട് ഏജൻസികൾ. സാമൂഹിക പ്രവർത്തന രംഗത്ത് മികവ് തെളിയിച്ച സന്നദ്ധ സംഘടനകളാണ് ഈ ഉത്തരവാദിത്വം ഏറ്റെടുക്കുന്നത്. സന്നദ്ധ പ്രവർത്തനത്തിൽ പ്രവർത്തി പരിചയമുള്ള ടീം ലീഡറിന്റെ നേതൃത്വത്തിൽ എഞ്ചിനീയറിംഗ് വൈദഗ്ധ്യം, സംഘടനാ മികവ് എന്നിവയുള്ള പ്രവർത്തകരാണ് ഗ്രാമപഞ്ചായത്തുകളിൽ ജല ജീവൻ മിഷൻ പദ്ധതിയുടെ സാമൂഹിക സംഘാടനം നടത്തുക. ഭൂരിപക്ഷം ഉദ്യോഗസ്ഥർക്കും ത്രിതല പഞ്ചായത്ത് പ്രതിനിധികൾക്കും പൊതുജനങ്ങൾക്കും പരിചിതമല്ലാത്ത

ജനകീയ കുടിവെള്ള പദ്ധതിയെന്ന ആശയവും ഗ്രാമപഞ്ചായത്ത് വിഹിതം, ഗുണഭോക്തൃ വിഹിതം എന്നിവ സംബന്ധിച്ച അവബോധവും വളരെ ആഴത്തിൽ നല്കേണ്ടതായുണ്ട്. ഗ്രാമപഞ്ചായത്തുകൾ കുടിവെള്ള പദ്ധതികളുടെ ആസൂത്രണം, നിർവ്വഹണം, തുടർ നടത്തിപ്പ് കാര്യങ്ങളിൽ ഇടപെടുന്ന രീതിയിൽ പരിചയമുള്ളത് ജലനിധി പദ്ധതി നടപ്പിലാക്കിയ ഇടങ്ങളിൽ മാത്രമാണ്. ജലജീവൻ പദ്ധതി ഗ്രാമപഞ്ചായത്തുകളുടെ പദ്ധതിയായതിനാൽ അവരുടെ കാര്യക്ഷമമായ ഇടപെടൽ എല്ലാ ഘട്ടങ്ങളിലും അനിവാര്യമാണ്. ഇംപ്ലിമെന്റേഷൻ സപ്പോർട്ട് ഏജൻസികൾ ഗ്രാമപഞ്ചായത്തുകളിൽ ജലജീവൻ പദ്ധതിയെ വിവിധ വിവര വിജ്ഞാന ആശയവിനിമയ പരിപാടികളിലൂടെ ജനമനസ്സുകളിൽ എത്തിക്കുന്ന പ്രവർത്തനങ്ങളാണ് നടത്തേണ്ടത്. വാർഡുതലത്തിലെ സെമിനാറുകൾ, പഠനങ്ങൾ, ഭവനസന്ദർശനങ്ങൾ, മറ്റ് ആശയ വിനിമയ പരിപാടികൾ  എന്നിവ വഴിയെല്ലാം ജല ലഭ്യത സംബന്ധിച്ച അടിസ്ഥാന വിവരശേഖരണം സാദ്ധ്യമാകും. ശുദ്ധജലത്തിന്റെ ആവശ്യകത സംബന്ധിച്ച ആഴമായ അറിവ് ജനങ്ങളിലേയ്ക്ക് എത്തുന്നതോടെ കുടിവെള്ള കണക്ഷനിലേയ്ക്ക് പഞ്ചായത്തിലെ മുഴുവൻ ആളുകളെയും കൂട്ടിക്കൊണ്ടുവരാൻ കഴിയും. ഗ്രാമപഞ്ചായത്തിലെ വിവിധ കുടിവെള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങളും ശേഖരിക്കും. കണ്ടെത്തുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ നിലവിലെ പദ്ധതികളുടെ പുനരുദ്ധാരണം അനിവാര്യമെങ്കിൽ അവ ചെയ്യുവാൻ പദ്ധതി തയ്യാറാക്കുകയും ചെയ്യും. ജലവിതരണം നടക്കുന്ന പദ്ധതികളും പുനരുദ്ധരിച്ച് പ്രവർത്തന സജ്ജമാക്കാവുന്ന പദ്ധതികളും പുതുതായി വിഭാവനം ചെയ്ത പദ്ധതികളും വഴി എല്ലാവർക്കും കുടിവെള്ള കണക്ഷനുകൾ നൽകുകയും ചെയ്യും.

ഗ്രാമപഞ്ചായത്തിനോട് ചേർന്ന് ഗുണഭോക്തൃ വിഹിത സമാഹരണം നടത്തുന്നതും, വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, സംഘടനകൾ, ഗ്രാമപഞ്ചായത്ത് തല ജല ശുചിത്വ സമിതി, സാമൂഹിക, സാംസ്കാരിക രംഗത്തെ പ്രമുഖർ, കുടുംബശ്രീ അംഗങ്ങൾ, ആശാവർക്കർമാർ, പൊതുജനങ്ങൾ ഇവരെയെല്ലാം പങ്കെടുപ്പിച്ച് പദ്ധതി സംബന്ധിച്ച് വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതും. ഇംപ്ലിമെന്റേഷൻ സപ്പോർട്ട് ഏജൻസികൾ ആണ്. ജനങ്ങളുടെയും ജനപ്രതിനിധികളുടെയും കൂട്ടായ്മ വളർത്താനും ഏകോപനം ഉണ്ടാക്കാനും ഇംപ്ലിമെന്റേഷൻ സപ്പോർട്ട് ഏജൻസികൾ നേതൃത്വം നൽകും.  വിവിധ സ്ഥലങ്ങളിൽ വിജയകരമായി പ്രവർത്തിക്കുന്ന ജനകീയ കുടിവെള്ള പദ്ധതികൾ ഗ്രാമപഞ്ചായത്തുകളിൽ പരിചയപ്പെടുത്തുന്ന ചുമതലയും ഇംപ്ലിമെന്റേഷൻ സപ്പോർട്ട് ഏജൻസി (ISA) കൾക്കുള്ളതാണ്. കുടിവെള്ള വിതരണ മേഖലയിൽ വലിയ സാമൂഹിക മുന്നേറ്റത്തിന് നാഴികകല്ലാകുന്ന ജലജീവൻ പദ്ധതിയുടെ വിജയത്തിന് ഇംപ്ലിമെന്റേഷൻ സപ്പോർട്ട് ഏജൻസികൾ വലിയ പങ്കു വഹിക്കുവാൻ കഴിയും.





ജോണി പി.കെ.
മാനേജർ, മഴകേന്ദ്രം

# മഴവെള്ളം കുടിവെള്ളം

പ്രകൃതി കനിഞ്ഞു നൽകുന്ന മഴയാണ് എല്ലാ ജല സ്രോതസ്സുകളുടെയും ജലത്തിന്റെയും ഉറവിടം. ഹരിതാഭയാലും പുഴകളാലും കായലുകളാലും, സമൃദ്ധമാണ് കേരളം. സംസ്ഥാനത്ത് വർഷത്തിൽ ശരാശരി 3000 മില്ലീ മീറ്റർ മഴ ലഭിക്കുന്നുണ്ട്. പക്ഷെ ഫെബ്രുവരി മുതൽ മേയ് വരെ കേരളത്തിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നത് പാവപ്പെട്ടവരുടെ ആരോഗ്യത്തെയും ഉപജീവനത്തെയും കാര്യമായി ബാധിക്കുന്നു. 44 നദികളും ലോകത്തിലെ തന്നെ ഏറ്റവും വലിയ കിണർ സാന്ദ്രതയും ഉണ്ടായിട്ടും കേരളത്തിലെ ഉപരിതല – ഭൂഗർഭ ജല ലഭ്യത മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ കുറവാണ്. സമൃദ്ധമായി ലഭിക്കുന്ന മഴവെള്ളത്തിന്റെ ചെറിയ ഒരു ശതമാനം സംഭരിക്കുകയാണ് കേരളത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാനുള്ള ഏറ്റവും ലളിതമായ മാർഗം.

മഴവെള്ള സംഭരണം പ്രോത്സാഹിപ്പിക്കുന്നതിനായി കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തുകളില്ലും മഴവെള്ള സംഭരണ സംവിധാനം നിർബന്ധമാക്കിയിട്ടുണ്ട്.

> **പതിനായിരം ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണി വീട്ടിൽ ഉണ്ടെങ്കിൽ മൂന്ന് മാസത്തെ കുടിവെള്ള ക്ഷാമം ലഘൂകരിക്കാൻ സാധിക്കും.**

2004-ൽ കേരളം അനുഭവിച്ച കടുത്ത വരൾച്ച മൂലം ഉണ്ടായ കുടിവെള്ള ക്ഷാമത്തിന് പരിഹാരമുണ്ടാക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായാണ് സംസ്ഥാന സർക്കാർ കെ.ആർ.ഡബ്ല്യ.എസ്.എ യെ നോഡൽ ഏജൻസി ആക്കി " മഴകേന്ദ്ര"ത്തിനു രൂപം നൽകിയത്.

## മഴവെള്ള സംഭരണം എങ്ങനെ

പ്രകൃതിയിൽനിന്നും സ്വാഭാവികമായി ലഭിക്കുന്ന മഴവെള്ളത്തെ ശാസ്ത്രീയവും പരിസ്ഥിതിക്കനുയോജ്യവുമായ രീതിയിൽ വീട്ടുവളപ്പിൽ നിർമ്മിച്ചിരിക്കുന്ന സംഭരണികളിൽ ശേഖരിച്ച് പ്രകൃതിദത്തമായ മാർഗ്ഗങ്ങളിലൂടെ ശുദ്ധീകരിച്ച് കുടിവെള്ളത്തിനായോ മറ്റു ഗാർഹീകാവശ്യങ്ങൾക്കായോ ഉപയുക്തമാക്കുന്നു. വീടിന്റെ മേൽക്കൂരയിൽ പതിക്കുന്ന മഴവെള്ളം പാത്തി - പൈപ്പ് വഴി ഫിൽട്ടർ സംവിധാനത്തിലൂടെ അരിച്ച് വീടിനോട് ചേർന്ന് നിർമ്മിച്ചിട്ടുള്ള സംഭരണിയിൽ ശേഖരിച്ച് ക്ഷാമകാലത്ത് ഉപയോഗിക്കുന്നതിനായി കരുതിവയ്ക്കുകയാണ് മഴവെള്ള സംഭരണത്തിലൂടെ ചെയ്യുന്നത്. പതിനായിരം ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണി വീട്ടിൽ ഉണ്ടെങ്കിൽ മൂന്ന് മാസത്തെ കുടിവെള്ള ക്ഷാമം ലഘൂകരിക്കാൻ സാധിക്കും. 3000 മില്ലീ മീറ്റർ മഴ ലഭിക്കുന്നതിനാൽ 200 ചതുരശ്ര അടി വിസ്തീരണമുള്ള വീടിന്റെ മേൽക്കൂരയിൽ നിന്നും ഒരു വർഷം 60000 ലിറ്റർ മഴവെള്ളം സംഭരിക്കാൻ കഴിയും. വേനൽകാലത്ത് നിയന്ത്രണങ്ങളോടെ ഉപയോഗിക്കുകയാണെങ്കിൽ കുടിവെള്ള ക്ഷാമം ലഘുകരിക്കാമെന്നതാണ് മഴവെള്ള സംഭരണിയുടെ പ്രസക്തി.

## മഴകേന്ദ്രത്തിൽ നിന്നും നടപ്പിലാക്കുന്ന വിവിധ മഴവെള്ള സംഭരണ പ്രവർത്തനങ്ങൾ:

- **ഗ്രാമപഞ്ചായത്ത് തലത്തിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന വ്യക്തിഗത കുടുംബങ്ങൾക്ക് മുൻഗണനക്രമത്തിൽ 10000 ലിറ്റർ സംഭരണ ശേഷിയുള്ള സംഭരണികൾ നിർമ്മിച്ചു നൽകുന്നു.**
- **വിദ്യാർഥി സമൂഹത്തിന് മഴവെള്ള സംഭരണത്തിന്റെ ആവശ്യകത മനസ്സിലാക്കി കൊടുക്കുന്നതിന് "ജല സൗഹാർദ്ദ വിദ്യാലയം പദ്ധതിയുടെ ഭാഗമായി സംഭരണികൾ നിർമിച്ചു നൽകുകയും ബോധവൽക്കരണ പരിപാടികൾ നടത്തുക.**
- **മഴവെള്ള സംഭരണവുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കു സാങ്കേതിക സഹായം നൽകുന്നു.**





**അബ്ദുൾ റഷീദ് കെ.**
സെക്രട്ടറി, കുറുവ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി

# കുറുവ പദ്ധതി ജനഹൃദയങ്ങൾ കീഴടക്കി

**പദ്ധതി വിപുലീകരണത്തിലൂടെ ഗുണഭോക്താക്കളുടെ എണ്ണം 1400 ആയി വർദ്ധിപ്പിക്കാൻ സാധിച്ചു. ജൽ ജീവൻ പദ്ധതിയിലൂടെ 200 കണക്ഷനുകൾ കൂടി നൽകും.**

മലപ്പുറം ജില്ലയിലെ കുറുവ ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് വേണ്ടി ജലനിധി പദ്ധതിയിൽ ഉൾപെടുത്തി നിർമ്മിച്ച് 2008ൽ കമ്മീഷൻ ചെയ്ത കുടിവെള്ള വിതരണ സ്കീം വിജയകരമായ പതിമൂന്നാം വർഷത്തിലേയക്ക്...

കുറുവ പഞ്ചായത്തിലെ 11 വാർഡുകളിലായി 2 കോടി 35 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച പദ്ധതി 850 ഗുണഭോക്തൃ കുടുംബങ്ങൾക്ക് വേണ്ടിയാണ് പ്രവർത്തനം ആരംഭിച്ചത്. പദ്ധതിക്ക് വേണ്ടി 1.75 ലക്ഷം ലിറ്ററും, 65000 ലിറ്ററും കപ്പാസിറ്റിയുള്ള 2 ഓവർ ഹെഡ് ടാങ്കുകളും, 10,000 ലിറ്റർ കപ്പാസിറ്റിയുള്ള ഗ്രൗണ്ട് ലെവൽ ടാങ്കും നിർമ്മിച്ചു. കടലുണ്ടിപ്പുഴയുടെ ഭാഗമായ കൂട്ടിലങ്ങാടി മുല്ലപ്പള്ളി പ്രദേശത്ത് കിണർ നിർമ്മിക്കുകയും മൂന്ന് കിലോമീറ്റർ നീളത്തിൽ പമ്പിംഗ് മെയിനും 40 കിലോമീറ്റർ ചുറ്റളവിൽ ഡിസ്ട്രിബ്യൂഷൻ ലൈനും സ്ഥാപിച്ചു. എല്ലാ മാസവും മീറ്റർ റീഡിംഗ് നടത്തി യൂസർ ചാർജ് വാങ്ങുന്നതിനായി ക്യാമ്പ് കളക്ഷൻ നടത്തിവരുന്നു.






പദ്ധതി പഞ്ചായത്തിലെ മറ്റ് പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനും ജനസംഖ്യാനുപാതികമായി വിപുലീകരിക്കുന്നതിനും വേണ്ടി എം.എൽ.എ., എം.പി., ത്രിതല പഞ്ചായത്ത് എന്നിവയിൽ നിന്നും 2 കോടിയിൽ പരം രൂപ ലഭ്യമാക്കുകയും അഡീഷണൽ കിണർ, പമ്പ് സെറ്റുകൾ, പമ്പിംഗ് മെയിൻ, വിതരണ ശൃംഖല, ജലസംഭരണി, ട്രാൻസ്ഫോർമർ എന്നിവ പുതുതായി സ്ഥാപിക്കുകയും ചെയ്തു. വിപുലീകരിച്ച പ്രവർത്തികളുടെ ഫലമായി ഗുണഭോക്താക്കളുടെ എണ്ണം 1400 ആയി വർദ്ധിപ്പിക്കാനും സാധിച്ചു. ജൽ ജീവൻ മിഷൻ പദ്ധതി പ്രകാരം 200 കണക്ഷനുകൾ കൂടി നൽകാനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

## പദ്ധതിയുടെ ആസ്തികൾ

- **മീനാർകുഴി 16/1 സർവ്വേ നമ്പറിൽ 5 സെന്റ് ഭൂമിയിൽ 1.75 ലക്ഷം ലിറ്റർ ടാങ്കും, പദ്ധതി ഓഫീസും.**
- **വറ്റല്ലൂർ പള്ളിയാറംകുന്ന് 45/2 സർവ്വേ നമ്പറിൽ 1.5 സെന്റ് സ്ഥലവും 0.65 ലക്ഷം ലിറ്റർ ടാങ്കും.**
- **മുല്ലപ്പള്ളി 13/1 സർവ്വേ നമ്പറിൽ 0.5 സെന്റ് ഭൂമിയും 30,000 ലിറ്റർ ടാങ്കും.**
- **മുല്ലപ്പള്ളി കടലുണ്ടി പുഴയിൽ പദ്ധതിക്ക് ആവശ്യമായ കിണറും അനുബന്ധ ഉപകരണങ്ങളും.**





സി കെ അരവിന്ദാക്ഷൻ
പ്രസിഡന്റ്
പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്ത്

# താന്നിയടി പദ്ധതിയിൽ ജലവിതരണം പുനഃസ്ഥാപിച്ചു.

"പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്തിലെ താന്നിയടി കുടിവെള്ള പദ്ധതിക്ക് പുതു ജീവൻ നൽകുന്നതിന് സത്വര നടപടി സ്വീകരിച്ച ജലനിധിയുടെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്."

കാസർഗോഡ് ജില്ലയിലെ പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്തിലെ താന്നിയടി കുടിവെള്ള പദ്ധതിയുടെ കിണർ, പമ്പ് ഹൗസ്, മോട്ടോർ എന്നിവ 2021 മെയ് മാസത്തിൽ ഉണ്ടായ ശക്തമായ മഴയിൽ തകർന്ന് പോയത് പുനഃസ്ഥാപിച്ച് 1200 വീടുകളിലെ ജലവിതരണം പുനരാരംഭിച്ചു. 25 വർഷം മുൻപ് കേരള ജല അതോറിറ്റി നിർമ്മിച്ചതും ജലനിധി പദ്ധതിയുടെ ഭാഗമായി പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് ഗുണഭോക്തൃ സമിതിക്ക് കൈമാറിയതുമായ പദ്ധതിയാണ് താന്നിയടി കുടിവെള്ള പദ്ധതി. പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി 1200 വീടുകളിൽ ഗാർഹിക ടാപ്പ് കണക്ഷൻ നൽകിയ ശേഷം ഗുണഭോക്തൃ സമിതിയുടെ മേൽനോട്ടത്തിൽ തുടർ നടത്തിപ്പും പരിപാലനവും കാര്യക്ഷമമായി നടത്തി വരുന്ന അവസരത്തിലാണ് കാലവർഷക്കെടുതിയിൽ കിണർ, പമ്പ് ഹൗസ് സംവിധാനങ്ങൾ തകർന്ന് പുഴയിൽ വീണത്.



കുടിവെള്ള വിതരണം പുനഃസ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്തും ജലനിധിയും സത്വര നടപടികൾ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ താൽക്കാലിക പമ്പ് ഹൗസ്, പമ്പ് സെറ്റ്, പ്രഷർ ഫിൽട്ടർ എന്നിവ സ്ഥാപിച്ച് ജല വിതരണം പുനഃസ്ഥാപിച്ചു. പുതിയ ജല സ്രോതസ്സിന്റെ നിർമ്മാണ പ്രവർത്തനം മഴക്കാലം കഴിയുന്നതോടുകൂടി ആരംഭിക്കുന്നതാണ്.



**ജനനിധി എക്സിക്യൂട്ടീവ് ഡയറക്ടർ സ്ഥാനം ഒഴിഞ്ഞ ഉമേഷ് എൻ.എസ്.കെ. ഐ.എ.എസിന് ജനനിധി സ്റ്റാഫ് അംഗങ്ങളുടെ സ്നേഹോപഹാരം ഡയറക്ടർ HRD എം.പ്രേംലാൽ നൽകുന്നു.**



# ജലം ജീവജലം

ഗീതാറാണി
തേവലക്കര

ഹൃദയങ്ങളിൽ നന്മ വറ്റാതെ ഗ്രാമങ്ങൾ
ദാഹജലത്തിനായ് കാരുണ്യം തേടുമ്പോൾ
കുടിവെള്ള ദൗർലഭ്യം നേരിട്ടുന്നോർക്കെല്ലാം
കുളിർമഴയാകുന്ന പദ്ധതിയൊന്നുണ്ട്. എന്നും
കുളിർമഴയായുള്ളൊരു പദ്ധതിയുണ്ട്.

മഴവില്ല് പോലെ മനം തെളിക്കുന്ന
മഹത്തായ പദ്ധതിയാണിതെന്നും
നിത്യവും നാട്ടിൽ കുടിവെള്ളമേകുവാൻ
ജൽ ജീവൻ മിഷൻപദ്ധതി കൂടെയുണ്ട്. എന്നും
ജൽ ജീവൻ മിഷൻ പദ്ധതി കൂടെയുണ്ട്.

ജീവന്റെ നിലനില്പിനാധാരമായുള്ള
ജീവജലമെന്നും നാട്ടിലെത്താൻ
എത്രയും വേഗത്തിൽ തന്നെയാ പദ്ധതി
വീട്ടിലേക്കെത്തിക്കാനൊത്തുചേരാം. എന്നും
വീട്ടിലേക്കെത്തിക്കാനൊത്തുചേരാം.

ഏറെ കരുത്തോടെ മുന്നോട്ടു പോകുവാൻ
ഏവരുമൊന്നുപോൽ കൂടെവേണം.
നാടിൻ വികസന കർമപഥങ്ങളിൽ
എന്നും തണലായി മാറിടേണം.
എന്നും തണലായി മാറിടേണം.






തെന്നല പെരുമണ്ണക്ലാരി ഗ്രാമപഞ്ചായത്തുകളിലെ ജലനിധിയുടെ കുടിവെള്ള വിതരണ പദ്ധതിയുടെ യൂസർ ചാർജ് ശേഖരിക്കുന്നതിനായി നടപ്പിലാക്കിയ 'സ്മാർട്ട് പേ ആപ്പ്' ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ ഉത്ഘാടനം ചെയ്തു. കെ.പി.എ മജീദ് എം.എൽ.എ, എക്സിക്യൂട്ടീവ് ഡയറക്ടർ ഉമേഷ് എൻ.എസ്.കെ ഐ.എ.എസ് തുടങ്ങിയവർ പങ്കെടുത്തു.

കേരളാ സർക്കാർ
ജലവിഭവ വകുപ്പ്

# ജലനിധി

കേരളാ ഗ്രാമീണ കുടിവെള്ള വിതരണ ശുചിത്വ ഏജൻസി

KRWSA

■ ഡിസംബർ 2021 ■ പുസ്തകം 1 ■ ലക്കം 1 ■ വാർത്താപത്രിക

Published by Excutive Director, Kerala Rural Water Supply and Sanitation Agence, (KRWSA)
IIIrd Floor, PTC Towers, SS Kovil Road, Thiruvananthapuram 695001, Ph: 0471 2337002, 2337003, 2337004, 2337005, 2337006
E-mail : krwsahrdteam@gmail.com, www.jalanidhi.kerala.gov.in
Layout, Design at Orange Printers Pvt. Ltd., Thiruvananthapuram-695001. Ph: 0471 4010 905